# താമരമൊട്ടുകൾ

വാല്യം 25 | ഫെബ്രുവരി 2023 | ലക്കം 02 | Price ₹20



## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## February 2023

| | | |
|---|---|---|
| 01-02 | | Kunnoth |
| 03-04 | | Bangalore |
| 05 | 16.00 | Amalapuri |
| 06 | | Office Day |
| 07 | 09.15 | Muthukad |
| | 18.00 | Kozhikode |
| 08 | 06.30 | Pandalloor |
| | 12.00 | Pulloorampara |
| | 15.00 | Puthuppadi |
| 09 | 11.00 | Thamarassery |
| | 17.00 | Venappara |
| 10 | 07.00 | PMOC |
| | 17.30 | Oorakam |
| | 21.00 | START |
| 11 | 07.30 | Anikampoyil |
| | 10.30 | Thamarassery |
| | 15.00 | Thalayad |
| 12 | | Kannur |
| 13 | 06.30 | Thottumukkam |
| | 09.00 | Thiruvambady |
| 14 | 06.00 | Paroppady |
| | 10.30 | Thamarassery |
| 15-16 | | Eranakulam |
| 16 | 17.00 | Padathukadavu |
| 17 | 10.00 | PMOC |
| 18 | 10.00 | Thiruvambady |
| 19 | 06.30 | Koorottupara |
| | 16.00 | Paloorkotta |
| 20 | 06.30 | Cathedral |
| 21 | | Office Day |
| 25 | 12.00 | Thiruvambady |
| | 17.30 | Kattippara |
| 26 | | Konoorkandy |

വാല്യം 25 താമരമൊട്ടുകൾ ഫെബ്രുവരി 2023 ലക്കം 02


# താമരമൊട്ടുകൾ


(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"എന്റെ സന്നിധിയിലേക്ക് മടങ്ങിവരുവിൻ, അപ്പോൾ
ഞാനും നിങ്ങളുടെ അടുത്തേയ്ക്ക് മടങ്ങിവരും"

(സഖറിയ 1:3)


സാർവ്വത്രിക സഭയെ ധീരതയോടെ നയിച്ച
ബെനഡിക്റ്റ് പതിനാറാമൻ പാപ്പായ്ക്ക്
താമരശ്ശേരി രൂപതയുടെ
ആദരാഞ്ജലികൾ...


മെൽബൺ രൂപതയുടെ നിയുക്ത ബിഷപ്പ്
മാർ ജോൺ പനന്തോട്ടത്തിൽ പിതാവിന്
താമരശ്ശേരി രൂപതയുടെ
പ്രാർത്ഥനാശംസകൾ

# താമരശ്ശേരി രൂപതയുടെ നവാഭിഷിക്തർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും...





ഫാ. ജോസഫ് പന്തലാടിക്കൽ
പുല്ലൂരാംപാറ, 27-12-2022



ഫാ. ജേക്കബ് കോയിപ്പുറത്ത്
പുല്ലൂരാംപാറ, 27-12-2022



ഫാ. ജോസഫ് വിലങ്ങുപാറ
ചുണ്ടത്തുംപൊയിൽ, 29-12-2022



ഫാ. ജോർജ്ജ് കരിന്തോളിൽ
കൂടരഞ്ഞി, 30-12-2022



ഫാ. ജോസഫ് കൊട്ടാരത്തിൽ
പശുക്കടവ്, 21-01-2023

## ആദരാഞ്ജലികൾ... പ്രാർത്ഥനകൾ...

ഉത്തരാഖണ്ഡിലെ ജോഷിമഠിൽ
വാഹനാപകടത്തിൽ നിര്യാതനായ
ബിജ്നോർ രൂപതാംഗം,
ചക്കിട്ടപാറ പള്ളിത്താഴത്ത്

**ഫാ. മെൽവിൻ അബ്രഹാത്തിന്**

താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാഞ്ജലികൾ...



ഫാ. മെൽവിൻ അബ്രഹാം പള്ളിത്താഴത്ത്
03.03.1986 - 19.01.2023

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 95 |
| 2. | പ്രോഗ്രാം ഫെബ്രുവരി 2023 | 96 |
| 3. | തിരുബാലസഖ്യദിന സർക്കുലർ | 97 |
| 4. | രോഗീദിന സന്ദേശം | 101 |
| 5. | സിനഡ് അനന്തര സർക്കുലർ | 106 |
| 6. | കച്ചേരിക്കാര്യം | 113 |
| 7. | വിശ്വാസപരിശീലനം | 118 |
| 8. | ആദരാഞ്ജലികൾ | 123 |
| 9. | ചെറുപുഷ്പ മിഷൻലീഗ് | 124 |
| 10. | ലിറ്റർജി കമ്മീഷൻ | 126 |
| 11. | വിദ്യാഭ്യാസരംഗം | 127 |
| 12. | സ്റ്റാർട്ട് | 130 |
| 13. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 132 |
| 14. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 133 |
| 15. | ഇൻഫാം | 133 |
| 16. | കെസിവൈഎം-എസ്എംവൈഎം | 135 |
| 17. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 142 |
| 18. | ബഥാനിയ ധ്യാനകേന്ദ്രം | 143 |
| 19. | വികസനവേദി | 144 |
| 20. | യേശുനിധി | 149 |
| 21. | അജപാലനക്കുറിപ്പുകൾ | 150 |

# Greetings BIRTH DAY

Rev. Fathers

| | |
|---|---|
| Vellaramkalayil George | 1 |
| Muttathukudiyil Dominic | 8 |
| Pulayamparambil Thomas | 11 |
| Chennickara Antony | 12 |
| Palakkattu Joseph | 13 |
| Varakil Antony | 13 |
| Nedumala Zacharias | 14 |
| Pulichamakkal Joseph | 16 |
| Cherupillattu Varkey | 17 |
| Kizhakkekunnel Simon | 17 |
| Kalarickal Thomas | 19 |
| Pazhukunnel Johnson | 19 |
| Kizhakkarakatt Augustine (Sr) | 19 |
| Chuvappunkal Thomas | 24 |
| Aranjaniolickal Joseph (Sr) | 25 |
| Pottananickal Ephrem | 25 |
| Thalachirakuzhi Kurian | 25 |
| Mattakottil Mathew | 27 |
| Kizhakkarakatt Sudeep | 27 |
| Vamattathil Augustine | 27 |

**Mar Remigiose Inchananiyil**

## പ്രോഗ്രാം ഫെബ്രുവരി 2023

| | | |
|---|---|---|
| 02 | വ്യാഴം | പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ |
| 03 | വെള്ളി | വി. എസ്തപ്പാനോസ് |
| 04 | ശനി | വി. ജോൺ ബ്രിട്ടോ |
| 10 | വെള്ളി | ഗ്രീക്ക് സഭാപിതാക്കന്മാർ |
| 11 | ശനി | **ലൂർദ് മാതാവ്**, രോഗീദിനം, |
| | | **ചരമദിനം: ഫാ. പോൾ കളപ്പുര (1998)** |
| 12 | ഞായർ | തിരുബാലസഖ്യദിനം |
| 19 | ഞായർ | വലിയ നോമ്പ് ആരംഭം, പേത്തുർത്ത |
| 20 | തിങ്കൾ | വിഭൂതി, ഉപവാസദിനം |
| 24 | വെള്ളി | **ചരമദിനം: ഫാ. മാത്യു മുതിരചിന്തിയിൽ (2011)** |
| 25 | ശനി | **വാ. സി. റാണി മരിയ** |

# 2023 ഫെബ്രുവരി 12 തിരുബാലസഖ്യദിനം കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സ ലമക്കളേ,

ആഗോള കത്തോലിക്കാ സഭ എല്ലാവർഷവും തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ച യാണ്. ഈ വർഷം അത് ഫെബ്രുവരി 12-ാം തീയതിയാണ്. കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തി ക്കുന്ന സംഘടനയാണ് തിരുബാല സഖ്യം. തിരുബാലസഖ്യ ത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്ന വർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുക യെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹ ത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തി ന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രസ ത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2:51-52). ഉണ്ണി യേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാ പിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക. ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. കുടുംബത്തിൽ എപ്പോഴും താത്വികമായ വിശ്വാസപ്രബോധനമല്ല നടക്കുന്നത്.

മറിച്ച് അവിടെ പങ്കുചേരുന്ന, ജീവിക്കുന്ന വിശ്വാസമാണുള്ളത്. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തു മ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥന കൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തി ക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനു പേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹ ത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നതുപോലെ 'യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹര മാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കു ചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ഇന്ന ത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെ കുറിച്ചുള്ള അപ്പ സ്തോലിക ഉദ്ബോധനമായ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' മാതാപിതാക്കളെ ക്ഷണി ക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാൻ ആണ്(14).

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാ ക്കളുടെ കൂടെയല്ല, മറിച്ച്, ടി. വി യുടെയും സ്മാർട്ട് ഫോണിന്റെയും ഇവയൊക്കെയും സാങ്കേതിക തലത്തിൽ ഇവരുടെ ബുദ്ധി വികാ സത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥ ലോക ത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽ ഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതും മൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുക യെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കു ന്നത്. കുഞ്ഞു മക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷി ക്കുമ്പോൾ അക്കൂട്ടത്തിൽ

കുട്ടികളെയും കുടുംബത്തെതന്നെയും. കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളി ലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ് ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാ ദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്ര വാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടും ബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടു ക്കുവാൻ മാതാപിതാ ക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാ ത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യ മാണ്. ഇതിനു സഹായിക്കുവാൻ വൈദികരും,സന്യസരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാ ക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്ക ളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാ രികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തല ത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യ ത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണ യിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ

ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗി കതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയ തയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസ സത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയി ലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽ പോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞുമിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹ ത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപന ങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യ ദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികാർപ്പോസ്ഫദതബ**
വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ ആബിർ അന്റോണിസാമി**
വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

---

NB: 2023 ഫെബ്രുവരി 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മല ബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചു കൊടുക്കേണ്ടതാണ്.

# 31-ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം ഫെബ്രുവരി 11, 2023 "ഇവനെ പരിചരിക്കുക"

*സിനഡാത്മക പ്രക്രിയയായ സുഖപ്പെടുത്തുന്ന അനുകമ്പ*

**പ്രിയ സഹോദരീസഹോദരന്മാരേ,**

നാം മനുഷ്യരായിരിക്കുന്നതിന്റെ ഭാഗമാണ് രോഗാവസ്ഥ. എന്നാൽ, പരിചരണവും അനുകമ്പയും കൂടാതെ ഏകാന്തതയിലും തിരസ്ക്കരണത്തിലുമാണ് നാം രോഗാവസ്ഥയിൽ ആയിരിക്കുന്നതെങ്കിൽ അത് മാനുഷികമല്ലാതായി മാറും.

നാം മറ്റുള്ളവരുമൊത്ത് ഒരു യാത്രയ്ക്കുപോകുമ്പോൾ ചിലപ്പോൾ നമുക്കു സുഖമില്ലായ്മ അനുഭവപ്പെടുന്നത് സാധാരണമാണ്. ചിലപ്പോൾ വഴിയിൽവച്ച് ക്ഷീണംകൊണ്ടോ മറ്റ് അനിഷ്ടസംഭവങ്ങൾകൊണ്ടോ നമുക്കു യാത്ര അവസാനിപ്പിക്കേണ്ടിവരും. അപ്രകാരമുള്ള വേളകളിലാണ് നമ്മുടെ സഞ്ചാരം എത്ര മാത്രം ഒരുമിച്ചുള്ളതാണെന്നു നാം മനസ്സിലാക്കുന്നത്. അതായത്, നാം യഥാർത്ഥത്തിൽ സഹയാത്രികരാണോ അതോ നമ്മുടെതന്നെ താത്പര്യങ്ങൾ അന്വേഷിക്കുന്ന, മറ്റുള്ളവരെ അവരവരുടെ കാര്യങ്ങൾ നോക്കാനായി ഉപേക്ഷിക്കുന്ന, കേവലം ഒരേ പാതയിൽ സഞ്ചരിക്കുന്ന വ്യക്തികൾ മാത്രമാണോ എന്നത് വ്യക്തമാകുന്നത് അപ്പോഴായിരിക്കും. അക്കാരണത്താൽ, ഈ മുപ്പത്തൊന്നാമത് ലോകരോഗീദിനത്തിൽ, സഭ മുഴുവനും സിനഡാത്മക പാതയിലൂടെ സഞ്ചരിക്കുന്ന ഈ വേളയിൽ, വ്രണിതാവസ്ഥയിലും രോഗാവസ്ഥയിലുമായിരിക്കുന്ന അനുഭവത്തിലൂടെ കടന്നുപോകുമ്പോഴാണ് നാം ദൈവത്തിന്റെ ശൈലി അനുസരിച്ച് ഒരുമിച്ച് നടക്കുന്നതെന്നതിനെകുറിച്ച് ധ്യാനിക്കാൻ എല്ലാവരെയും ഞാൻ ക്ഷണിക്കുന്നത്. ദൈവത്തിന്റെ ശൈലി സാമീപ്യവും അനുകമ്പയും ആർദ്രതയും ആണല്ലോ!

ദൈവീക വെളിപാടിന്റെ ഉത്തംഗഭാവത്തെ പ്രകാശിപ്പിക്കുന്ന വചനങ്ങൾ എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിലുള്ളത് ശ്രദ്ധേയമാണ്: "ദൈവമായ കർത്താവ് അരുൾചെയ്യുന്നു: 'ഞാൻതന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്കു വിശ്രമസ്ഥലം നല്കും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴി തെറ്റിപ്പോയതിനെ ഞാൻ തിരികെക്കൊണ്ടുവരും; മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും; ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും...നീതിപൂർവം ഞാൻ അവയെ പോറ്റും" (എസെ 34,15-16). സംഭ്രമവും രോഗവും ബലഹീനതയു

മൊക്കെ മാനുഷികപ്രയാണത്തിന്റെ ഭാഗമാണ്. അവ നമ്മെ ദൈവജനത്തിന്റെ പക്കൽനിന്നു അകറ്റുന്നതിനുപകരം നമ്മെ കർത്താവിന്റെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റുന്നു; എന്തെന്നാൽ, അവിടന്ന് നമ്മുടെ പിതാവാണ്; തന്റെ മക്കളിൽ ഒരാൾപോലും വഴിയിൽവച്ച് നഷ്ടപ്പെടാൻ അവിടന്ന് ഇഷ്ടപ്പെടുന്നില്ല. ആകയാൽ നമുക്ക് അവിടന്നിൽനിന്നു പഠിക്കാം; അതായത്, ആവശ്യമില്ലെന്നവിധം വലിച്ചെറിയുന്ന സംസ്ക്കാരത്തെ ചെറുത്തുനില്ക്കുന്ന, യഥാർഥമായും ഒരുമിച്ചു നടക്കുന്ന, ഒരു സമൂഹമായി എങ്ങനെ മാറാമെന്ന് നമുക്ക് ശ്രദ്ധിക്കാം.

"എല്ലാവരും സഹോദരർ" (*Fratelli Tutti)* എന്ന ചാക്രികലേഖനത്തിൽ നല്ല സമരിയാക്കാരന്റെ ഉപമ പുനർവായന നടത്തുന്നതിനെ ഞാൻ പ്രോത്സാഹിപ്പിച്ചു. അടഞ്ഞിരിക്കുന്ന ഒരു ലോകത്തിലെ "കാർമേഘങ്ങളിൽ നിന്ന്" എങ്ങനെ നമുക്കു "തുറവുള്ള ഒരു ലോക ത്തെ വിഭാവനം ചെയ്യാനും സാക്ഷാത്കരിക്കാനും" ആകും എന്നു നിർദേശിക്കാനാണ് ഞാൻ അപ്രകാരം ചെയ്തത് (J. 56 കാണുക). യേശുവിന്റെ ഈ ഉപമയും ഇന്നത്തെ ലോകത്തിൽ സാഹോദര്യം നിഷേധിക്കപ്പെടുന്ന നിരവധി അവസരങ്ങളും തമ്മിൽ ഗാഢമായ ബന്ധമാണുള്ളത്. മർദ്ദിതനും മോഷ്ടിക്കപ്പെട്ടവനും ആയ ആ മനുഷ്യൻ എപ്രകാരം വഴിയരികിൽ ഉപേക്ഷിക്കപ്പെട്ടുവോ അപ്രകാരമാണ് അത്യാവശ്യ സമയത്ത് ഉപേക്ഷിക്കപ്പെടുന്ന നമ്മുടെ ധാരാളം സഹോദരീസഹോദരന്മാർ. പ്രകൃതിയിൽനിന്ന് ആവിർഭവിക്കുന്ന സാധാരണയുള്ള കാരണങ്ങളാൽ മനുഷ്യജീവനും മഹത്ത്വത്തിനും വന്നുഭവിക്കുന്ന പ്രഹരങ്ങളിൽ നിന്ന് അനീതിയാലും അക്രമത്താലും വരുത്തിവയ്ക്കപ്പെടുന്നവയെ വേർതിരിച്ചറിയുക എന്നത് ഇന്നു പ്രയാസമായി മാറിയിരിക്കുന്നു. യഥാർഥത്തിൽ വർധമാനമാകുന്ന അസമത്വവും കുറച്ചുപേരുടെമാത്രം താത്പര്യങ്ങൾ സംരക്ഷിക്കുന്ന വിധമുള്ള ക്രമീകരണങ്ങളും എല്ലാ മാനുഷിക പരിതോവസ്ഥകളെയും ബാധിക്കുന്നുണ്ട്; അക്കാരണത്താൽ, എല്ലാ അനുഭവങ്ങളെയും "പ്രകൃതി കാരണ" മാണെന്നു മാത്രം പറയാൻ സാധിക്കാത്ത വിധമായിരിക്കുന്നു. എല്ലാ സഹനവും ഒരു "സംസ്കാരത്തിന്റെ" പശ്ചാത്തലത്തിലും അതിന്റെ വ്യത്യസ്തങ്ങളായ വൈരുദ്ധ്യത്തിലുമാണ് സംഭവിക്കുന്നത്. ഇവിടെ ഏകാന്തതയുടെയും തിരസ്ക്കരണത്തിന്റെയും അവസ്ഥ പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ടതാണ്. അനീതിയുടെ മറ്റേതൊരുതരം രൂപത്തിൽനിന്നും വ്യത്യസ്തമാംവിധം ഈ ക്രൂരത എളുപ്പം പരിഹരിക്കപ്പെടാവുന്ന ഒന്നാണ്. കാരണം, പ്രസ്തുത ഉപമ നമ്മെ പഠിപ്പിക്കുന്നതുപോലെ, അത് നമ്മുടെ ശ്രദ്ധയുടെ ഏതാനും നിമിഷങ്ങൾ മാത്രമാണ് ആവശ്യപ്പെടുന്നത്; ഈ ക്രൂരതയെ ഒഴിവാക്കാനായി നാം നമ്മുടെ ഉള്ളിൽ അനുകമ്പയാൽ ചലിപ്പിക്കപ്പെട്ടാൽ മാത്രം മതി. ഭക്തരും മതാനുയായികളുമായ രണ്ട് വഴിയാത്രികർ മുറിവേറ്റ മനുഷ്യനെ കണ്ടു; എങ്കിലും അവർ നിന്നില്ല. എന്നാൽ മൂന്നാമത്തെ വഴിയാത്രികൻ - സമരിയാക്കാരനായവൻ, പരിഹാസ്യനായ പരദേശി - അനുകമ്പയാൽ ചലിപ്പിക്കപ്പെട്ട് വഴിയിലെ അപരിചിതനെ പരിചരിക്കുന്നു; അവനെ

അയാൾ സഹോദരനായി കണക്കാക്കുന്നു. അപ്രകാരം ചെയ്യുകവഴിയായി, അയാൾ അപ്രകാരം ചിന്തിച്ചില്ലെങ്കിൽപ്പോലും, അയാൾ ഒരു വ്യത്യസ്തത സൃഷ്ടിക്കുന്നു; അതായത്, അയാൾ ലോകത്തെ കൂടുതൽ സാഹോദര്യം നിറയ്ക്കുന്നവനായി മാറുന്നു.

പ്രിയ സഹോദരീ സഹോദരന്മാരേ, രോഗത്തിനായി നാം പലപ്പോഴും തയ്യാറെടുത്തിരിക്കുന്നവരല്ല. നമ്മൾ പ്രായമായിക്കൊണ്ടിരിക്കുന്നു എന്നതുപോലും പലപ്പോഴും നാം അംഗീകരിക്കാൻ വിസമ്മതിക്കുന്നു. നമ്മുടെ വ്രണിതാവസ്ഥ നമ്മെ ഭയപ്പെടുത്തുന്നു; ഇന്നു നിലനില്ക്കുന്ന കാര്യക്ഷമതയുടെ സംസ്കാരം അതിനെ മറച്ചുപിടിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; അത് മാനുഷീക ബലഹീനതയ്ക്കു ഇടം നല്കുന്നില്ല. ഈ രീതിയിൽ തിന്മ നമ്മുടെ മുമ്പിൽ അവതരിക്കുകയും നമ്മെ മുറിപ്പെടുത്തുകയും ചെയ്യുന്നു; അപ്പോൾ നാം ഞെട്ടിപ്പോകുന്നു. മാത്രമല്ല, ആ വേളകളിൽ മറ്റുള്ളവർ നമ്മെ ഉപേക്ഷിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ, നമ്മുടെതന്നെ ദൗർബല്യത്തിന്റെ നിമിഷങ്ങളിൽ നാം മറ്റുള്ളവർക്ക് ഒരു ഭാരമാകരുത് എന്ന ചിന്തയാൽ നാംതന്നെയും മറ്റുള്ളവരെ ഉപേക്ഷിക്കാൻ താത്പര്യപ്പെടുന്നു.

ഇങ്ങനെയാണ് ഏകാന്തത നമ്മിൽ കടന്നുകൂടുന്നത്; ദൈവംതന്നെയും നമ്മെ ഉപേക്ഷിച്ചു എന്നവിധം അനീതിയുടെ കയ്പുരസമുള്ള ചിന്തയാൽ നാം വിഷലിപ്തരായിത്തീരുന്നു. യഥാർഥത്തിൽ, മറ്റുള്ളവരോടും നമ്മോടുതന്നെയുമുള്ള നമ്മുടെ ബന്ധം മുറിഞ്ഞതായിത്തീർന്നാൽ, നമുക്കു തുടർന്നു കർത്താവുമായി സമാധാനത്തിലായിരിക്കാൻ ബുദ്ധിമുട്ടുള്ളതായി ഭവിക്കും. ആകയാൽ, രോഗാവസ്ഥയുടെ മധ്യേ സഭ മുഴുവനും സുവിശേഷത്തിലെ നല്ല സമരിയാക്കാരന്റെ ഉദാഹരണത്തോളം ഉയരേണ്ടിയിരിക്കുന്നു. അങ്ങനെ സഭ യഥാർഥത്തിൽ ഒരു “യുദ്ധക്കളത്തിലെ ആശുപത്രി” ആയിത്തീരും; എന്തെന്നാൽ, അവളുടെ ദൗത്യം പ്രകാശിതമാകുന്നത് കരുതലിന്റെ പ്രവൃത്തികൾവഴിയാണ്; ഏറെപ്രത്യേകിച്ച്, നമ്മുടെ ഈ കാലഘട്ടത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ. നമ്മൾ എല്ലാവരും ദുർബലരും മുറിപ്പെട്ടവരും ആണ്; അല്പനേരം നില്ക്കാനും സമീപിക്കാനും സുഖപ്പെടുത്താനും ഉയർത്തിയെടുക്കാനും കഴിവുള്ള ഒരുതരം കനിവ് നമുക്ക് ആവശ്യമാണ്. അങ്ങനെ രോഗത്തിന്റെ ദുരവസ്ഥയിൽ ആയിരിക്കുന്നവർ നമ്മുടെ നിസ്സംഗത നീക്കാനും സഹോദരീസഹോദരന്മാർ ഇല്ലെന്നുള്ള അവരുടെ അവസ്ഥയെ ഇല്ലാതാക്കാനുമായി നമ്മെ ക്ഷണിക്കുന്നു.

സഹനത്തിലായിരിക്കുന്നവരോട് സമീപസ്ഥരായിരിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും ലോകരോഗീദിനം നമ്മെ ആഹ്വാനം ചെയ്യുന്നു. നവമായി ഒത്തൊരുമിച്ച് മുന്നോട്ട് ഗമിക്കുന്നതിന്റെ ആവശ്യകതയെ ദൈവജനത്തെയും ആരോഗ്യപരിപാലനസ്ഥാപനങ്ങളെയും പൊതുസമൂഹത്തെയും ഈ

ദിനം ബോധ്യപ്പെടുത്തുന്നു. മറ്റുള്ളവരുടെമേൽ സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയപരവുമായ മേൽകൈ പുലർത്തുന്നവരെ നിശിതമായി വിധിക്കുന്നതാണ് മുമ്പ് ഉദ്ധരിക്കപ്പെട്ട എസെക്കിയേൽ പ്രവാചകന്റെ ഇതര വചനങ്ങൾ: "നിങ്ങൾ മേദസ്സ് ഭക്ഷിക്കുകയും രോമം കൊണ്ടുള്ള വസ്ത്രം ധരിക്കുകയും കൊഴുത്തതിനെ കൊല്ലുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ആടുകളെ പോറ്റുന്നില്ല. ദുർബലമായതിനു നിങ്ങൾ ശക്തികൊടുത്തില്ല; മുറിവേറ്റതിനെ വച്ചുകെട്ടിയില്ല; വഴിതെറ്റിയതിനെ തിരികെകൊണ്ടുവരുകയോ കാണാതായതിനെ തേടുകയോ ചെയ്തില്ല. മറിച്ച്, കഠിനമായും ക്രൂരമായും നിങ്ങൾ അവയോട് പെരുമാറി" (34, 3-4). നമ്മെ പ്രകാശിപ്പിക്കുന്നതും കാലോചിതവുമാണ് ദൈവവചനം; അത് അപലപിക്കുന്ന കാര്യങ്ങളിൽ മാത്രമല്ല, പ്രത്യുത അത് നിർദേശിക്കുന്നതിലും അപ്രകാരംതന്നെ. മുഖാമുഖമുള്ള കണ്ടുമുട്ടലിൽ ആരംഭിച്ച നല്ല സമരിയാക്കാരന്റെ ഉപമ ഉപസംഹരിക്കുമ്പോൾ എപ്രകാരം സാഹോദര്യത്തിന്റെ അഭ്യസനം പൊതുവായി ക്രമവൽക്കരിക്കപ്പെട്ട പ്രക്രിയയാക്കി മാറ്റാം എന്നതിന്റെ സൂചനയും നല്കപ്പെടുന്നു. സത്രം, സത്രം സൂക്ഷിപ്പുകാരൻ, പണം, തുടർന്നു സംഭവിക്കാൻ പോകുന്നത് അറിയിക്കപ്പെടാനുള്ള നിർദേശം എന്നീ ഘടകങ്ങൾ (ലൂക്കാ 10, 34-35 കാണുക) മറ്റു പലതിലേക്കും വിരൽചൂണ്ടുന്നു; അതായത്, ആരോഗ്യപരിപാലനപ്രവർത്തകരുടെയും സാമൂഹ്യസേവകരുടെയും കുടുംബാംഗങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും പ്രതിജ്ഞാബദ്ധത എന്നിവയിലേക്ക്. ഇവർ വഴിയാണല്ലോ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും എല്ലാ ദിവസവും തിന്മയ്ക്കെതിരായി നന്മയുടെ മുഖം ഉയർന്നു നില്ക്കുന്നത്!

ആരോഗ്യപരിപാലനത്തിന്റെയും അതിന്റെ ഗവേഷണത്തിന്റെയും രംഗത്ത് പ്രവർത്തിക്കുന്നവരോടുള്ള നമ്മുടെ കടപ്പാട് മഹാമാരിയുടേതായ ഇക്കഴിഞ്ഞ വർഷങ്ങളിൽ ഏറെ വർധിച്ചിട്ടുണ്ട്. എന്നാൽ, ഈ ഭീമമായ സാമൂഹ്യദുരന്തത്തിൽനിന്നു പുറത്തുവരുമ്പോൾ കേവലം ധീരയോദ്ധാക്കളെ ആദരിച്ചതുകൊണ്ടുമാത്രം നമ്മുടെ ഉത്തരവാദിത്വം തീരുന്നില്ല. കോവിഡ്-19 വൈദഗ്ദ്ധ്യത്തിന്റെയും ഐകമത്യത്തിന്റെയും ശൃംഖലകളെ ഏറെ ആയാസപ്പെടുത്തുകയുണ്ടായി; നിലവിലുള്ള പൊതുക്ഷേമ സംവിധാനങ്ങളുടെ അപര്യാപ്തത അത് വെളിച്ചത്തുകൊണ്ടുവരുകയുണ്ടായി. ആകയാൽ, കൃതജ്ഞത പ്രകാശിപ്പിക്കുന്നതോടൊപ്പം ഒരോ വ്യക്തിയുടെയും മൗലിക അവകാശമായ അടിസ്ഥാനപരവും അനുയോജ്യവുമായ ആരോഗ്യപരിപാലനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അതിനുള്ള ധനാഗമ മാർഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള ആസൂത്രണം ഓരോ രാജ്യവും അടിയന്തിരമായി ചെയ്യേണ്ടതാണ്.

"ഇയാളെ പരിചരിക്കണം" (ലൂക്കാ 10, 35) എന്നാണ് ആ സമരിയാക്കാരൻ സത്രം സൂക്ഷിപ്പുകാരോട് പറഞ്ഞത്. യേശു അക്കാര്യത്തിനായി നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നു. യേശു നമ്മോടു പറയുന്നു: "നീയും പോയി അതു

പോലെ ചെയ്യുക" (ലൂക്കാ 10,37). ഞാൻ "എല്ലാവരും സഹോദരർ" (*Fratelli Tutti*) എന്ന ചാക്രികലേഖനത്തിൽ പറഞ്ഞതുപോലെ, "വീണവരെ ഉയർത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന അയല്ക്കാരെപ്പോലെ പ്രവർത്തിക്കുന്നവരായ സ്ത്രീപുരുഷന്മാരാൽ ഒരു സമൂഹം എങ്ങനെ പുനർനിർമിക്കാനാകും എന്ന് ഈ ഉപമ കാണിച്ചുതരുന്നു" (ഖ. 67). മാത്രമല്ല, "സ്നേഹത്തിൽ മാത്രം കണ്ടെത്താവുന്ന ഒരു പൂർത്തീകരണത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സഹനത്തോട് നിസ്സംഗത പുലർത്താൻ നമുക്കു സാധിക്കില്ല" (J. 68).

ആധുനിക കാലഘട്ടത്തിലെ ഒരു പ്രവാചക സന്ദേശമായി സഭയ്ക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ലൂർദ്ദിലെ പുണ്യസങ്കേതത്തിലേക്ക് നമ്മുടെ ചിന്തകളെ തിരിച്ചുവയ്ക്കാം. യഥാർത്ഥത്തിൽ, നന്നായി പ്രവർത്തിക്കുകയും നല്ല ഫലോത്പാദനം നടത്തുകയും ചെയ്യുകയെന്നത് മാത്രമല്ല കാര്യമാത്ര പ്രസക്തമായിട്ടുള്ളത്. രോഗികളായവർ ദൈവജനത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളവരാണ്; സഭ അവരോടൊപ്പമാണ് മുന്നേറുന്നത്. കാരണം, അത് മാനുഷികതയുടെ ഒരടയാളമാണ്; ഈ മാനുഷീകഭാവത്തിൽ ഓരോരുത്തരും വിലപ്പെട്ടവരാണ്; ആരും പുറംതള്ളപ്പെട്ടവരോ, പിന്നാക്കം നിറുത്തപ്പെട്ടവരോ ആകാൻ പാടില്ല.

രോഗികളുടെ ആശ്രയമായ മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ രോഗികളായ എല്ലാവരെയും സമർപ്പിക്കുന്നു. അവരെ മാത്രമല്ല രോഗികളെ തങ്ങളുടെ ഭവനങ്ങളിൽ പരിചരിക്കുന്നവരെയും ജോലിയും ഗവേഷണവും സന്നദ്ധസേവനവും വഴിയായി പ്രവർത്തിക്കുന്നവരെയും വ്യക്തിപരവും സഭാപരവുമായ പൊതുസാമൂഹ്യപ്രവർത്തനം വഴിയായി സാഹോദര്യത്തിന്റെ കണ്ണികളെ കോർത്തിണക്കുന്നവരെയും അവളുടെ മാധ്യസ്ഥ്യത്തിനായി സമർപ്പിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും ഞാൻ എന്റെ ഹൃദയപൂർവമായ ആശീർവാദം നല്കുന്നു.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയത്തിൽനിന്നു 2023 ജനുവരി 10-ാം തിയതി നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

# സിനഡ് അനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ ഒന്നാമത്തെ സമ്മേളനം മൂന്നു ദിവസങ്ങളിലെ ധ്യാനത്തിനും പ്രാർത്ഥനകൾക്കുംശേഷം ജനുവരി 9 മുതൽ 14 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

തന്റെ അഗാധമായ ദൈവികജ്ഞാനംകൊണ്ടും മാതൃകാപരമായ വിശുദ്ധ ജീവിതംകൊണ്ടും തിരുസഭയെ നയിച്ച ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളുടെ കാലത്തു സഭാനൗകയെ ധീരമായി നയിച്ച ബെനഡിക്ട് പാപ്പായോടു സഭയ്ക്കു വലിയ കടപ്പാടുണ്ട്. നമ്മുടെ സഭയുടെ വളർച്ചയ്ക്കു സഹായകമായ നിർണായകമായ ഒട്ടേറെ തീരുമാനങ്ങൾ എടുത്ത ബെനഡിക്ട് പാപ്പായുടെ ഹൃദയത്തിൽ സീറോമലബാർ സഭയ്ക്കു സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. റോമിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ബെനഡിക്ട് പാപ്പായുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ നമ്മുടെ സഭയിൽനിന്നുള്ള ഏതാനും പിതാക്കന്മാരോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. ബെനഡിക്ട് മാർപാപ്പായുടെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു നമുക്കു പ്രാർത്ഥിക്കാം.

ജഗദൽപൂർ രൂപതയുടെ മുൻ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലാത്തറ സി.എം.ഐ. പിതാവിന്റെ മരണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കു പിതാവു നൽകിയ ഊർജവും ദിശാബോധവും കാലാതിവർത്തിയാണെന്നു സിനഡു വിലയിരുത്തി.

## ഏകീകൃത കുർബാനയും എറണാകുളം അങ്കമാലി അതിരൂപതയും

ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കുന്നതിൽ എറണാകുളം അങ്കമാലി അതിരൂപതയ്ക്കുള്ള അജപാലനപ്രശ്നങ്ങളെ സിനഡു വസ്തുനിഷ്ഠമായി വിലയിരുത്തി. 1999 നവംബർ മാസത്തിലെ സിനഡ് ഒരുമനസ്സോടെ തീരുമാനിച്ചതും തുടർന്നുള്ള വിവിധ സിനഡു സമ്മേളനങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടതും 2021 ആഗസ്റ്റ് മാസത്തിൽ സിനഡിന്റെ തീരുമാന പ്രകാരം 2021 നവംബർ 28 മംഗളവാർത്ത ഒന്നാം ഞായർമുതൽ നിയമബദ്ധമായി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടതുമാണ് സീറോമലബാർസഭയുടെ ഏകീകൃത കുർബാനക്രമം. ഈ ക്രമം നടപ്പിലാക്കാൻ, തികച്ചും അസാധരണമായ നടപടിയെന്ന നിലയിൽ പിതൃസഹജമായ സ്നേഹത്തോടെ 2021 ജൂലൈ മൂന്നിനും 2022 മാർച്ച് 25നും ഫ്രാൻസിസ് മാർപാപ്പ രണ്ടു കത്തുകളിലൂടെ നേരിട്ടു ആവർത്തിച്ചു ആവശ്യപ്പെട്ടതാണ്. തിരുസ്സഭയുടെ പരമാധികാരിയായ പരിശുദ്ധ പിതാവിന്റെ ഈ ഉദ്ബോധനം സീറോമലബാർസഭയുടെ മക്കൾ മുഴുവനും അനുസരിക്കാൻ കടപ്പെട്ടവരാണ്. ആരാധനാക്രമവിഷയങ്ങളിൽ അന്തിമതീരുമാനം എടുക്കേണ്ടതു സഭയുടെ സിനഡുംശ്ലൈഹിക സിംഹാസനവുമാണ്. ഇപ്രകാരം നൽകപ്പെട്ട നിയമത്തിനു വിരുദ്ധമായി തീരുമാനമെടുക്കാൻ മറ്റാർക്കും അവകാശമില്ല. ശ്ലൈഹിക സിംഹാസനം അംഗീകരിച്ച സഭാസിനഡിന്റെ തീരുമാനത്തെ മനഃപൂർവം അവഗണിച്ചു വിശുദ്ധ കുർബാനയർപ്പിക്കുന്നതു നിയമവിരുദ്ധമാണെന്ന് (illicit) എല്ലാവരും തിരിച്ചറിയണം. മേൽപറഞ്ഞ തീരുമാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ചർച്ചകൾക്കുമാത്രമേ സഭാപരമായി സാധുതയുള്ളൂ.

എറണാകുളം അങ്കമാലി അതിരൂപത നിലവിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻ കീഴിലായതിനാൽ സിനഡിനു നേരിട്ട് അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം എടുക്കാനാവില്ല. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ നിർദ്ദേശ പ്രകാരം എറണാകുളം അങ്കമാലി അതിരൂപതയിൽനിന്നുള്ള പിതാക്കന്മാർ ഉൾപ്പെടുന്ന ആറംഗ സമിതി ചർച്ചകൾക്കായി നിയോഗിക്കപ്പെട്ടു. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയെ എതിർക്കുന്നവരും അനുകൂലിക്കുന്നവരുമായി സമിതി പല തവണ ചർച്ചകൾ നടത്തി. അതിരൂപതാ കൂരിയായിലെ അംഗങ്ങളുമായും വിശദമായ ചർച്ചകൾ നടന്നു. കൂടാതെ അതിരൂപതാംഗങ്ങളായ വിവിധ അല്മായപ്രമുഖരുമായും സമിതി ആശയവിനിമയം നടത്തി. എറണാകുളം അങ്കമാലി അതിരൂപതയിൽനിന്നു സിനഡിൽ സന്നിഹിതരായിരുന്ന എല്ലാ പിതാക്കന്മാരും ചർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഹൃദയപൂർവം പങ്കുചേർന്നിരുന്നു. സിനഡു പിതാക്കന്മാരെല്ലാവരും ഉപവാസവും പ്രാർത്ഥനയുംവഴി ഈ അനുരഞ്ജന പ്രക്രിയയിൽ പങ്കാളികളായി.

സഭയുടെ ഐക്യത്തെ വർധിപ്പിക്കുന്നരീതിയിൽ ഏകീകൃത ബലിയർപ്പണം നടപ്പാക്കണമെന്ന തീരുമാനത്തിൽ അടിയുറച്ചുനിന്നുകൊണ്ട് അതു നടപ്പിലാക്കാൻ എറണാകുളം അങ്കമാലി അതിരൂപതയിലെ ഇടവകകൾക്ക് ഔദാര്യപൂർവ്വം സമയം നൽകുകയെന്ന ലക്ഷ്യത്തോടെയാണു ചർച്ചകൾ പുരോഗമിച്ചത്. കത്തീഡ്രൽ ബസിലിക്കയിൽ ഞായറാഴ്ചകളിലെങ്കിലും ഏകീകൃത രൂപത്തിലുള്ള കുർബാനയർപ്പിച്ചുകൊണ്ട് അനുരഞ്ജനത്തിന്റെ പ്രക്രിയ ആരംഭിക്കാമെന്നായിരുന്നു സിനഡുപിതാക്കന്മാരുടെ പ്രതീക്ഷ. അങ്ങനെ യോജിപ്പിൽ എത്തുകയാണെങ്കിൽ സിനഡിന്റെ അവസാനദിവസം പിതാക്കന്മാരെല്ലാം ഒന്നുചേർന്നു മേജർ ആർച്ചുബിഷപ്പിന്റെ കാർമ്മികത്വത്തിൽ ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിച്ചു ഐക്യത്തിലേക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്താമെന്ന ചില വിഭാഗങ്ങളുടെ നിർദ്ദേശവും ഞങ്ങൾക്കു സ്വീകാര്യമായിരുന്നു. എന്നാൽ ഇനിയും വ്യക്തമാകാത്ത കാരണങ്ങളാൽ ഏകീകൃത കുർബാനക്രമത്തെ അംഗീകരിക്കാത്ത ചിലർ മേൽവിവരിച്ച തത്വങ്ങളിൽ ഉറച്ചുനിൽക്കാൻ വിസമ്മതിച്ചതിനാൽ സിനഡിന്റെ സമാപനത്തിൽ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം പ്രഖ്യാപിക്കാൻ കഴിയാത്തതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഐക്യത്തിനുവേണ്ടിയുള്ള സഭയുടെ മനസ്സു തിരിച്ചറിഞ്ഞ് എല്ലാവരും ഏകമനസ്സോടെ സിനഡിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്ന ദിവസം അകലെയല്ലെന്ന പ്രത്യാശ ഈ ചർച്ചകളുടെ വെളിച്ചത്തിൽ ഞങ്ങൾ പങ്കുവയ്ക്കുന്നു. അതിനാൽ ചർച്ചകൾ തുടരുവാൻ ഏതാനും അല്മായപ്രമുഖരോടും ഞങ്ങൾ സഹായം തേടിയിട്ടുണ്ട്. പിതാക്കന്മാരുടെ സമിതി തുടർന്നും ചർച്ചകൾക്കു നേതൃത്വം കൊടുക്കുന്നതാണ്.

മുറിവുകളുണക്കി ഹൃദയ ഐക്യത്തിലേക്കു നീങ്ങാൻ പരിശുദ്ധാത്മാവ് എല്ലാവരെയും പ്രചോദിപ്പിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. സഭയുടെ ആധികാരിക പ്രബോധനങ്ങളും തീരുമാനങ്ങളും പൊതുനന്മയും ബലികഴിച്ചുകൊണ്ടുള്ള ഒത്തുതീർപ്പിനു സിനഡിനു സാധിക്കില്ല എന്ന സത്യം എല്ലാവരും മനസ്സിലാക്കേണ്ടതാണ്.

ചർച്ചകളിലൂടെ പ്രശ്നപരിഹാരമുണ്ടാക്കാൻ ഒരു മനസ്സോടെ പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാത്തരം പ്രതിഷേധപ്രകടനങ്ങളിൽനിന്നും സമരമുറകളിൽനിന്നും പിന്മാറണമെന്ന് എല്ലാ വൈദികരോടും സന്യസ്തരോടും അല്മായവിശ്വാസികളോടും സിനഡ് ഏകമനസ്സോടെ ആഹ്വാനം ചെയ്യുന്നു. മാർപാപ്പയുടെ ഉദ്ബോധനം ലംഘിക്കുന്നതും മാർപാപ്പ നിയോഗിച്ച അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കെതിരായി പ്രവർത്തിക്കുന്നതും പരിശുദ്ധ പിതാവിനെ നിരാകരിക്കുന്ന ഗുരുതരമായ കുറ്റമാണെന്ന് എല്ലാവരും ഗ്രഹിക്കണം. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെയുള്ള സിനഡിന്റെ തീരുമാനം നടപ്പിലാക്കാൻ വിശ്വാസപൂർവം മുമ്പോട്ടുവന്ന എറണാകുളം അങ്കമാലി അതിരൂപത

യിലെ വൈദികരുടെയും അല്മായസഹോദരങ്ങളുടെയും നിലപാടു മാതൃകാപരമാണ്.

ഏകീകൃതരീതിയിലുള്ള കുർബാനയർപ്പണത്തിനുള്ള പരിശീലനമാണ് 2000-ാം ആണ്ടുമുതൽ കേരളത്തിലെ വൈദികവിദ്യാർത്ഥികൾക്കു മേജർ സെമിനാരികളിൽ നൽകിവരുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി നമ്മുടെ സഭയുടെ മതബോധനക്ലാസുകളിൽ പഠിപ്പിച്ചിരുന്നതും ഏകീകൃത കുർബാനയർപ്പണരീതിയെ പരിചയപ്പെടുത്തുന്ന പാഠങ്ങളാണ്. അതിനാൽ ഏകീകൃത കുർബാനയർപ്പണരീതി തികച്ചും അപരിചിതമെന്നു പറയാൻ ആർക്കും സാധിക്കില്ല. നമ്മുടെ സഭയിൽ പ്രധാനമായും രണ്ടു തരത്തിലുള്ള വിശുദ്ധ കുർബാനയർപ്പണരീതികളാണ് 1999 വരെ നിലനിന്നിരുന്നത്: പൂർണ്ണമായി അൾത്താരാഭിമുഖവും പൂർണമായി ജനാഭിമുഖവും. പ്രസ്തുത രീതികളെ സഭയുടെ ഐക്യത്തെ മുൻനിറുത്തി ഏകോപിപ്പിച്ചാണു നിലവിലുള്ള ഏകീകൃത കുർബാനയർപ്പണരീതി സിനഡ് അംഗീകരിച്ചത്. അതിനാൽ, ഏതെങ്കിലും പക്ഷത്തിന്റെ വിജയമോ പരാജയമോ ആയി ഏകീകൃത കുർബാനയർപ്പണരീതിയെ ആരും ദുർവ്യാഖ്യാനം ചെയ്യരുത്.

2022 നവംബർ 27ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിക്കാനെത്തിയ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററെ തടഞ്ഞതും എറണാകുളംഅങ്കമാലി അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രതിഷേധ പ്രകടനങ്ങളും അതിക്രമങ്ങളും അങ്ങേയറ്റം അപലപനീയമാണ്. പരിശുദ്ധ സിംഹാസനം ഭരമേല്പിച്ച ദൗത്യനിർവഹണത്തിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവു നടത്തിയതെന്നു സിനഡു വിലയിരുത്തി. 2022 ഡിസംബർ 23,24 തീയതികളിൽ എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്നതു സമാനതകളില്ലാത്ത വിശ്വാസവിരുദ്ധ പ്രവർത്തനങ്ങളാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന പ്രവർത്തനങ്ങൾ ഹൃദയം തകർക്കുന്ന വേദനയോടെയാണു സഭയിലെ ഓരോ വിശ്വാസിയുംനോക്കികണ്ടത്. വിശുദ്ധ കുർബ്ബാനയെ പ്രതിഷേധ സമരമാർഗമായി ഉപയോഗിച്ച വൈദികരും അതിനെ പ്രതിരോധിക്കാൻ ബലിപീഠം കയ്യേറിയ വ്യക്തികളും സഭാഗാത്രത്തിൽ ഏൽപ്പിച്ച മുറിവ് ഏറെ ആഴമുള്ളതാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്നതു നേരിട്ടുള്ള ദൈവനിന്ദയാണ്. ഈ സംഭവത്തെക്കുറിച്ചു അന്വേഷിക്കാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ റിപ്പോർട്ടു റോമിലെ ബന്ധപ്പെട്ട കാര്യാലയത്തിൽ അറിയിക്കുകയും അവിടെനിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതം മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പരിശുദ്ധ കുർബാനയെ അവഹേളിച്ച പ്രവർത്തിക്കു പരിഹാരമായി മെത്രാന്മാരും വൈദികരും സന്യസ്തരും സാധിക്കുന്ന വിശ്വാസികളും വിശുദ്ധ കുർബാനയ്ക്കുമുന്നിൽ ഒരു മണിക്കൂർ നിശബ്ദമായ ആരാധന നടത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം സഭയിലൂടെ ദൈവം നൽകുന്ന ദാനമാണ്. പരിശുദ്ധ പിതാവിനോടും മേജർ ആർച്ച്ബിഷപ്പിനോടും രൂപതാദ്ധ്യക്ഷനോടും ചേർന്നുനിൽക്കുമ്പോഴാണു പൗരോഹിത്യം കൃപാദായകമാകുന്നത്. മാർപാപ്പായെയും സഭാതലവനെയും രൂപതാദ്ധ്യക്ഷനെയും നിഷേധിക്കുമ്പോൾ പൗരോഹിത്യം ഉറകെട്ടുപോയ ഉപ്പുപോലെ ഫലരഹിതമാകും എന്നതിനാലാണ് പൗരോഹിത്യ സ്വീകരണവേളയിൽ സഭാധികാരികളോടുള്ള അനുസരണവും വിധേയത്വവും പുരോഹിതാർത്ഥികൾ ഏറ്റുപറയുന്നത്. സഭയോടുള്ള കൂട്ടായ്മ മറക്കുമ്പോൾ പൗരോഹിത്യം ദൈവജനത്തിന് കൃപ നൽകാൻ കഴിവില്ലാത്തതാകുമെന്ന സത്യം എല്ലാ വൈദികരും തിരിച്ചറിയണം.

അനുരഞ്ജിതരായിത്തീരാൻവേണ്ടി നാം അർപ്പിക്കുന്ന വിശുദ്ധ കുർബാന അനൈക്യത്തിന്റെ വേദിയാക്കി സ്വയം അപഹാസ്യരാകാതിരിക്കാൻ എല്ലാ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും ശ്രദ്ധിക്കണം. സഭാസ്നേഹികളും പാരമ്പര്യവാദികളും എന്ന പേരിൽ നിരന്തരം പ്രകോപനപരമായി പ്രതികരിക്കുന്ന ഓൺലൈൻ കൂട്ടായ്മകൾ സ്വയം നിയന്ത്രിക്കേണ്ടത് സഭയുടെ ഐക്യത്തിന് അനിവാര്യമാണ്.

### പുതിയ യാമപ്രാർത്ഥനകൾ

നമ്മുടെ സഭയുടെ യാമപ്രാർത്ഥനകളുടെ നവീകരിച്ച ക്രമം പുറത്തിറക്കാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്. സഭയുടെ തനതു പാരമ്പര്യങ്ങളോടും മൂലകൃതികളോടും വിശ്വസ്തത പുലർത്തുന്ന രീതിയിലാണ് പുതിയ ക്രമം രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ആധ്യാത്മികതയിൽ യാമപ്രാർത്ഥനകൾക്കു വലിയ പ്രാധാന്യമുണ്ട്. വൈദികരും സന്യസ്തരും സാധിക്കുന്ന അല്മായരും യാമപ്രാർത്ഥനകൾ അനുദിന ആധ്യാത്മികതയുടെ ഭാഗമാക്കണം. 2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതലാണ് നവീകരിച്ച ക്രമം ഔദ്യോഗികമായി നിലവിൽ വരുന്നത്.

### ബഫർസോൺ

ബഫർ സോൺ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2023 ജനുവരി 11 ലെ പരാമർശം കർഷകർക്ക് ആശാവഹമാണെന്നു സീറോമലബാർ സിനഡു വിലയിരുത്തി. മുഴുവൻ ജനവാസകേന്ദ്രങ്ങളെയും കൃഷിഭൂമിയെയും തോട്ടങ്ങളെയും ബഫർസോൺ പരിധിയിൽനിന്നു ഒഴിവാക്കാനുള്ള സത്വരനടപടികൾകേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. കണ്ണൂർ ജില്ലയിലെ ആറളം മുതൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർവരെ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കുചുറ്റും ജീവിക്കുന്ന ജനങ്ങൾ അപ്രഖ്യാപിത കുടിയിറക്കിന്റെ വക്കിലാണെന്നു സിനഡു നിരീക്ഷിച്ചു. നിലവിലുള്ള സങ്കേതങ്ങൾക്കുപുറമേ അട്ടപ്പാടിയിൽ പുതുതായി വ

നംവകുപ്പ് ശുപാർശചെയ്തിരിക്കുന്ന ഭവാനി വന്യജീവി സങ്കേതം അട്ടപ്പാടിയെ കൂടുതൽ ദോഷകരമായി ബാധിക്കും. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഈ പുതിയ നീക്കം കർഷകരോടുള്ള വെല്ലുവിളിയായി മാത്രമേ മനസ്സിലാക്കാനാകൂ എന്നു സിനഡു വിലയിരുത്തി.

കൃഷിസ്ഥലങ്ങളും ജനവാസ കേന്ദ്രങ്ങളും പൂർണമായും ഒഴിവാക്കി വനാതിർത്തിക്കുള്ളിൽ ബഫർസോൺ നിലനിർത്തണമെന്നു സിനഡു സർക്കാരിനോട് ആവശ്യപ്പെടുന്നു. പുതുതായി നിർദ്ദേശിച്ചിരിക്കുന്ന ഭവാനി വന്യജീവി സങ്കേത ശുപാർശ അടിയന്തരമായി പിൻവലിക്കണം. കേരളത്തിലെ ഭൂരിപക്ഷം വന്യജീവിസങ്കേതങ്ങളുടെയും കോർസോണിന്റെ അതിർത്തി ജനവാസകേന്ദ്രങ്ങളുമായി പങ്കിടുന്ന വിധത്തിൽ തെറ്റായി നിശ്ചയിക്കപ്പെട്ടുപോയിട്ടുണ്ടെന്നും, വന്യജീവിസങ്കേതങ്ങളുടെ അതിർത്തിനിർണയത്തിലെ ഈ തെറ്റു തിരുത്താൻ സമയം അനുവദിക്കണമെന്നും കോടതിയിൽ ആവശ്യപ്പെടണം. ജനവാസകേന്ദ്രങ്ങളും കൃഷിഭൂമികളും വന്യജീവിസങ്കേതങ്ങളുടെ ബഫർസോൺ ആയി പ്രഖ്യാപിക്കാൻ സാധിക്കുകയില്ല എന്നും രേഖകളുടെ പിൻബലത്തോടെ കോടതി മുൻപാകെ സമർത്ഥിക്കാൻ സർക്കാരിനു കഴിയണം. നിലവിലുള്ള വന്യജീവി സങ്കേതങ്ങളുടെ അതിർത്തി അടിയന്തരമായി പുനർനിർണയിച്ച റിപ്പോർട്ട് കേന്ദ്ര വന്യജീവിബോർഡിന്റെ ശുപാർശയോടും സെൻട്രൽ എംപവെർഡ് കമ്മിറ്റി (CEC)യുടെയും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരത്തോടെയും സുപ്രീംകോടതിയിൽ സമർപ്പിക്കാൻ ആവശ്യമായ സമയം അനുവദിക്കണമെന്നു കോടതിയിൽ ആവശ്യപ്പെടണം. സാങ്കേതിക പിഴവുകൾകൊണ്ടു വനാതിർത്തിക്കുള്ളിൽ പെട്ടുപോയ നിരവധി ജനവാസമേഖലകളും കൃഷിയിടങ്ങളും സംരക്ഷിക്കാൻ പ്രസ്തുത പ്രദേശങ്ങളിലെ വനാതിർത്തികൾ പുനർനിർണയിക്കേണ്ടത് ആവശ്യമാണ്. കർഷകരെ മറന്നുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം ഒരിക്കലും പ്രായോഗികമല്ല. അതിനാൽ, കർഷകരെക്കൂടി വിശ്വാസത്തിൽ എടുത്ത് ആരോഗ്യകരമായ പരിസ്ഥിതി സംസ്കാരം രൂപപ്പെടുത്തുവാൻ സർക്കാരിനു കഴിയണം.

### സംവരണേതര വിഭാഗങ്ങൾക്കുള്ള സംവരണം

സംവരണേതരവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിന്റെ (EWS) ആനുകൂല്യങ്ങൾ സഭാംഗങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു. സംവരണമാനദണ്ഡങ്ങളെ സംബന്ധിച്ചുള്ള കേന്ദ്ര ഗവൺമെന്റ് ഉത്തരവിനനുസൃതമായി കേരളത്തിലും നിയമഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണം. എങ്കിൽമാത്രമേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സഭാംഗങ്ങൾക്ക് ഈ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. കേന്ദ്രസംസ്ഥാന നിയമങ്ങൾതമ്മിൽ നിലവിലുള്ളവൈരുധ്യം പരിഹരിക്കാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്നു സിനഡ് ആവശ്യപ്പെട്ടു.

## മെൽബൺ രൂപതയ്ക്ക് പുതിയ ഇടയൻ

സീറോമലബാർസഭയ്ക്കു ഓസ്ട്രേലിയായിലെ മെൽബൺ കേന്ദ്രമായുള്ള രൂപതയ്ക്ക് പുതിയ ഇടയനായി സി.എം.ഐ. സന്യാസസഭാംഗമായ ഫാ. ജോൺ പനന്തോട്ടത്തിലിനെ മാർപാപ്പ നിയമിച്ചു. നിയുക്ത മെത്രാനും മെൽബൺ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ആരംഭംമുതൽ നാളിതുവരെ മെൽബൺ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയുടെ ആദ്യത്തെ കൂരിയാ ബിഷപ്പ് എന്നനിലയിലും മെൽബൺ രൂപതാദ്ധ്യക്ഷൻ എന്നനിലയിലുമുള്ള പിതാവിന്റെ ശ്ലൈഹികശുശ്രൂഷ സഭയ്ക്കുമുഴുവൻ അനുഗ്രഹമായിരുന്നു.

പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുമായി നമ്മെ മുന്നോട്ടുനയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മെ അനുഗ്രഹിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ജനുവരി മാസം 14-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

# കച്ചേരിക്കാര്യം

## 1. പുതിയ നിയമനം

Rev. Fathers:

| | | |
|---|---|---|
| Karintholil George | : | Asst. Vicar, Pullurampara |
| Panthaladickal Joseph | : | Asst. Vicar, Thiruvambady |
| Vilangupara Joseph | : | Asst. Vicar, Kodancherry |
| Koyipurath Jacob | : | Asst. Vicar, Koorachundu |
| Mattappallil Sebastian | : | Asst. Vicar, Kodanchery |
| Pulayamparambil Thomas | : | Asst. Vicar, Thamarassery |
| Thekkekaramattathil Mathew | : | Asst. Vicar, Paroppady |
| Puthanpurakkal Joseph | : | Asst. Vicar, Koodaranji |
| Vaipukattil Mathew RCJ | : | Asst. Vicar, Thottumukkam |
| Konoor Devasia OFM Cap. | : | Asst. Vicar, Thiruvambady |
| Nadamkandathil John O.Praem | : | Asst. Vicar, Chakkittapara |
| Srambickal Abraham | : | Acting Vicar, Thenjipalam |
| Narivelil George | : | Asst. Director, START |
| Purayidathil George | : | Secretary to the Bishop & Asst. Director COD & KCYM |
| Kuzhivelil Dominic | : | Asst. Director, Communication Media (Addl.) |
| Thuravackal Augustine | : | Asst. Director, Bethania |
| Poothermannil Peter | : | Pastoral Ministry, Ramanathapuram |
| Nedumala Zacharias | : | Study Leave |
| Molekunnel Joseph OFM Cap. | : | Relieved from Cathedral |
| Thaitharayil Luke CSsR | : | Relieved from East Hill |

## CML Mekhala Directors

| | | |
|---|---|---|
| Fr. Mathew Thekkekkaramattathil | - | Paroppady |
| Fr. Jacob Koyippurath | - | Koorachundu |
| Fr. Joseph Vilangupara | - | Kodenchery |

**2. ലോക രോഗീദിനം**

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതി ലോക രോഗീദിനമായി സഭ ആചരിക്കുന്നു. അന്നേദിവസമോ അതിനടുത്ത ദിവസങ്ങളിലോ രോഗികൾക്ക് ആവശ്യാനുസരണം കുമ്പസാരവും വി. കുർബാനയും നൽകുന്നത് നല്ലതായിരിക്കും.

**3. തിരുബാല സഖ്യദിനം**

ഫെബ്രുവരി 12-ാം ഞായറാഴ്ച തിരുബാല സഖ്യദിനമായി സഭ ആചരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ഈശോയുടെ സ്നേഹത്തിലും സംരക്ഷണത്തിലും കാത്തുസൂക്ഷിക്കാനുള്ള ഒരു വേദിയായി തിരുബാലസഖ്യം ഇടവകകളിൽ പ്രവർത്തിക്കണം. എല്ലാ ഇടവകകളിലും ഇതിനായി ഉത്തരവാദിത്വപ്പെട്ട ഒരു ആനിമേറ്ററെ ബഹു. വികാരിയച്ചന്മാർ തെരഞ്ഞേടുക്കേണ്ടതാണ്. തിരുബാല സഖ്യദിനത്തിൽ കുഞ്ഞുങ്ങളെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**4. വലിയനോമ്പ്, വിഭൂതി**

2023 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച പാതിര മുതൽ ഈ വർഷത്തെ വലിയനോമ്പ് ആരംഭിക്കുന്നു. 20-ാം തീയതി തിങ്കളാഴ്ചയാണ് വിഭൂതിത്തിരുനാൾ. അന്നേദിവസം ഉപവാസ ദിവസമാണെന്ന കാര്യം പ്രത്യേകം ദൈവജനത്തെ ഓർമ്മിപ്പിക്കേണ്ടതാണ്. ഉയിർപ്പുതിരുനാൾ വരെ വിവാഹാഘോഷങ്ങൾ പാടില്ലായെന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

**5. സ്റ്റാറ്റിസ്റ്റിക്കൽ ഫോം**

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരശേഖരണത്തിന്റെ ഭാഗമായി എല്ലാ വർഷവും അയയ്ക്കുന്ന നിർദ്ദിഷ്ടഫോം ഈ വർഷവും ഇടവകകളിലേക്ക് അയച്ചിട്ടുണ്ട്. മാർച്ച് 15ന് മുമ്പായി ഈ ഫോം പൂരിപ്പിച്ച് ചാൻസലറുടെ പേരിൽ അയച്ചു തരേണ്ടതാണ്.

**6. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ**

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചു തീർക്കണമെന്ന് അറിയിക്കുന്നു.

രൂപതാവിഹിതം ഈ വർഷം ഫൊറോനകേന്ദ്രങ്ങളിൽവച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരിയച്ചന്മാർ വഴി അറിയിക്കുന്നതാണ്.

2022-23 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചു തീർക്കാനുള്ള ഇടവകകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

**7. യേശുനിധി - 2023**

നമ്മുടെ രൂപതയുടെ ജീവകാരുണ്യഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ ഭവനങ്ങളിൽ നിന്ന് സ്വീകരിക്കുന്നതിനുള്ള കവറുകൾ ഫൊറോന കേന്ദ്രങ്ങളിൽ മാർച്ച് 11 ന് മുമ്പ് എത്തിക്കുന്നതാണ്.

**8. ഫൊറോന വികാരിമാരുടെ മീറ്റിംഗ്**

ഫൊറോന വികാരിമാരുടെ മീറ്റിംഗ് 2023 ഫെബ്രുവരി 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് രൂപതാഭവനിൽ ചേരുന്നതാണ്. എല്ലാ ഫൊറോന വികാരിമാരും മീറ്റിങ്ങിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**9. സ്വാഗതം, നന്ദി**

താമരശ്ശേരി രൂപതയുടെ അജപാലന ശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന **ബഹു. വൈപ്പുകാട്ടിൽ മാത്യു RCJ, ബഹു. കോനൂർ ദേവസ്യ OFM Cap., ബഹു. നടുംകണ്ടത്തിൽ ജോൺ O. Praem** എന്നീ വൈദികർക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

ഈസ്റ്റ് ഹിൽ ഇടവകയിലെ സേവനങ്ങൾക്കുശേഷം പുതിയ മേഖലയിലേക്ക് സ്ഥലം മാറിപോകുന്ന **ബഹു. ഫാ. തൈത്തറയിൽ ലൂക്ക CSsR** നും, കത്തീഡ്രൽ ഇടവകയിലെ സേവനങ്ങൾക്കുശേഷം സ്ഥലം മാറിപ്പോകുന്ന **ബഹു. ഫാ. മോളേകുന്നേൽ ജോസഫ് OFM** നും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**10. ആദരാഞ്ജലികൾ**

**1. സി. ബൈലോൺ FCC**

ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്ന്യാസിനി സമൂഹത്തിന്റെ താമരശ്ശേരി പ്രൊവിൻസ് അംഗം **സി. ബൈലോൺ എഫ്.സി.സി.** (85) 2023 ജനുവരി 11-ാം തീയതി നിത്യസമ്മാനത്തിനായി വിളി ക്കപ്പെട്ടു. 16-ാം തീയതി കോടഞ്ചേരി ഇടവകയിൽ നടന്ന മൃതസം സ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയച്ചനും കാർമ്മികത്വം വഹിച്ചു. തുടർന്ന് കോടഞ്ചേരി ഇടവക സിമിത്തേരിയിൽ മൃതസംസ്കാരം നടത്തി. ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സമൂഹത്തിന് രൂപതയുടെ അനുശോചനം അറിയിക്കുകയും പരേത യുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**2. ശ്രീ. അഗസ്റ്റിൻ താന്നിക്കൽ**

ബഹു. കുര്യൻ താന്നിക്കലച്ചന്റെ വത്സലപിതാവ് **ശ്രീ. അഗസ്റ്റിൻ താന്നിക്കൽ (75)** 2023 ജനുവരി 16-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 17-ാം തീയതി ചെമ്പുകടവ് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. കുര്യനച്ചനോടും രൂപതാകൂടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**3. റവ. ഫാ. മെൽവിൻ പള്ളിത്താഴത്ത്, ചക്കിട്ടപ്പാറ - ബിജ്നോർ രൂപത**

ചക്കിട്ടപാറ ഇടവകയിൽനിന്നുള്ള ബിജ്നോർ രൂപതാംഗം ബഹു. ഫാ. മെൽവിൻ പള്ളിത്താഴത്ത് (37) ഉത്തരാഖണ്ഡിലെ ജോഷിമഠിൽ 2023 ജനുവരി 19 ന് വാഹനാപകടത്തിൽ നിര്യാതനായി. 2023 ജനുവരി 23 ന് ബിജ്നോർ രൂപതയിലെ കോട്ധ്വാർ സെന്റ് ജോസഫ്സ് കത്തീഡ്രലിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. ബഹു. മെൽവിനച്ചന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളോട് രൂപതയുടെ അനുശോചനം അറിയിക്കുകയും അച്ചന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**11. സ്മരണാഞ്ജലി**

| | | |
|---|---|---|
| 10-02-1987 | - | റവ. ഫാ. തോമസ് മറ്റപ്പള്ളിൽ |
| **11-02-1998** | **-** | **റവ. ഫാ. പോൾ കളപ്പുര** |
| 17-02-1973 | - | റവ. ഫാ. കുര്യൻ പാണ്ടിയാമ്മാക്കൽ |
| 20-02-1983 | - | റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ |
| 22-02-1960 | - | റവ. ഫാ. പോൾ വെട്ടിക്കാനാകുടി |
| **24-02-2011** | **-** | **റവ. ഫാ. മാത്യു മുതിരചിന്തിയിൽ** |
| 25-02-1981 | - | റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ |
| 25-02-1989 | - | റവ. ഫാ. ദോസിത്തേവൂസ് സി.എം.ഐ |
| 27-02-1998 | - | റവ. ഫാ. ജോസഫ് പുത്തൻപുര |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്





**റവ. ഫാ. പോൾ കളപ്പുര**
**മുത്തോലപുരം, പാലാ**
**11-02-1998**

**റവ. ഫാ. മാത്യു മുതിരചിന്തിയിൽ**
**പൂഞ്ഞാർ, പാലാ**
**24-02-2011**

# വിശ്വാസപരിശീലനം

"ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്". (1 കോറിന്തോസ് 13:1)

## പ്രധാനാധ്യാപക സംഗമം

2022 – 2023 അധ്യയന വർഷത്തെ രണ്ടാമത്തെ പ്രധാനാധ്യാപക സംഗമം 2022 ഡിസംബർ 31-ന് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അധ്യക്ഷതയിൽ താമരശ്ശേരി ബിഷപ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രാവിലെ 9.45-ന് ബൈബിൾ പ്രതിഷ്ഠയോടെ ആരംഭിച്ച സമ്മേളനത്തിൽ രൂപതാ മതബോധന പ്രസിഡന്റ് ശ്രീ. ഷാജി കണ്ടത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഏവർക്കും ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് തലശ്ശേരി അതിരൂപതാ മതബോധന ഡയറക്ടർ റവ. ഡോ. സിജു വെണ്ണായിപ്പിള്ളി അധ്യാപകർക്ക് ക്ലാസ് എടുത്തു. മതബോധന ഡയറക്ടർ ജോൺ പള്ളിക്കാവയലിൽ അച്ചന്റെ അറിയിപ്പുകൾക്കുശേഷം ഉച്ചയ്ക്ക് 1 മണിക്ക് സംഗമം അവസാനിച്ചു. 110 പ്രധാനാധ്യപകർ സംഗമത്തിൽ പങ്കെടുത്തു. രൂപതാ പ്രതിനിധി ശ്രീ. ആന്റണി ചൂരപ്പൊയ്കയിൽ ഏവർ ക്കും നന്ദി പറഞ്ഞു.

## ACC ഓൺലൈൻ ക്ലാസുകൾ

പതിമൂന്നാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള പതിമൂന്നാമത്തെ ക്ലാസ് ജനുവരി 01-നും (ഞായർ) പതിനാലാമത്തെ ക്ലാസ് ജനുവരി 15-നും (ഞായർ) കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. വിവാഹേതര ബന്ധവും സഭയുടെ കാഴ്ചപ്പാടും എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ചെറിയാൻ പൊങ്ങൻപാറ (സെന്റ് അൽഫോൻസാ സെമിനാരി, താമരശ്ശേരി) ഇതരമതങ്ങൾ സഭയുടെ കാഴ്ചപ്പാടിൽ എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. ജേക്കബ് അരീത്തറ (റെക്ടർ, സെന്റ് അൽഫോൻ സാ സെമിനാരി, താമരശ്ശേരി) എന്നിവർ ക്ലാസെടുത്തു.

## ACC ഓൺലൈൻ ക്ലാസുകൾ ഫെബ്രുവരി മാസത്തിൽ

ഫെബ്രുവരി 05 – ഞായർ
ഫെബ്രുവരി 19 – ഞായർ

### ഷെയർ ഫെയ്ത്ത്

വിശ്വാസസംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി നൽകുക എന്ന ലക്ഷ്യത്തോടുകൂടി, വിശ്വാസപരിശീലകരെ അവതാരകരായി എടുത്തുകൊണ്ട് മതബോധന വിദ്യാർഥികളുമായി നടത്തുന്ന അഭിമുഖ സംഭാഷണമായ ഷെയർ ഫെയ്ത്ത് എന്ന പ്രോഗ്രാമിൽ 'പുതുവർഷത്തിൽ യേശുവിനുവേണ്ടി എന്തു ചെയ്യും?' എന്ന ചോദ്യത്തെ ആസ്പദമാക്കി തലയാട് സൺഡേ സ്കൂളിലെ കുട്ടികളും 'തിരുനാളാഘോഷത്തിന്റെ ഏറ്റവും വലിയ സന്തോഷം എന്ത്?' എന്ന ചോദ്യത്തെ ആസ്പദമാക്കി പാതിരിക്കോട് സൺഡേ സ്കൂളിലെ കുട്ടികളും തങ്ങളുടെ ചിന്തകൾ പങ്കുവച്ചു.

### മാതൃകാ വിശ്വാസപരിശീലകൻ

21 വർഷമായി മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുക്കുന്ന കട്ടാങ്ങൽ ഇടവകയിലെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ തന്റെ അനുഭവങ്ങൾ 'മാതൃകാ വിശ്വാസപരിശീലകൻ' എന്ന ഓൺലൈൻ പ്രോഗ്രാമിലൂടെ പങ്കുവച്ചു.

### മതാധ്യാപക തുടർപരിശീലനം

'യേശു മഹോന്നതൻ' എന്ന പുസ്തകത്തെ ആസ്പദമാക്കി മതാധ്യാപകർക്കായി നൽകുന്ന തുടർപരിശീലന പരമ്പര ഒന്നു മുതൽ പത്ത് വരെ എപ്പിസോഡുകൾ കാറ്റക്കിസം യു ട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

### HCC മൂല്യനിർണ്ണയം

ജനുവരി 29 ഞായറാഴ്ച ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ജനുവരി 30 തിങ്കളാഴ്ച ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും രൂപതാ വിശ്വാസപരിശീലന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### HCC സേ പരീക്ഷ

ഫെബ്രുവരി 19 ഞായറാഴ്ച മേഖലയിലെ ഏതെങ്കിലും ഒരു സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4.00 മണി വരെ സേ പരീക്ഷ നടത്തുന്നതാണ്.

### HCC പുനർ മൂല്യനിർണ്ണയം

ഉത്തരക്കടലാസുകളുടെ പുനർ മൂല്യനിർണ്ണയം സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 25 (ശനി).

### ASPCT (Advanced Self Study Programme for Catechism Teachers)

മതാധ്യാപക തുടർപരിശീലന പരീക്ഷ ഫെബ്രുവരി 26-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 2.30 വരെ ഓരോ ഇടവകകളിലും വച്ചു നടക്കുന്നതാണ്.

## പരീക്ഷയെക്കുറിച്ചുള്ള പൊതുവായ നിർദ്ദേശങ്ങൾ:

*പഠനഭാഗം: യേശു മഹോന്നതൻ (പേജ് 255 മുതൽ 334 വരെ)*

- നേരത്തെ നൽകിയ 75 ചോദ്യങ്ങൾ ഉൾപ്പെടുന്ന ചോദ്യാവലിയിൽ നിന്നും ആകെ 30 മാർക്കിൽ 22 മാർക്കിന്റെ ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതാണ്.
- 8 മാർക്കിന്റെ ചോദ്യങ്ങൾ പൊതുവിജ്ഞാനത്തിൽ നിന്നും ചോദിക്കുന്നതാണ്.
- ഉത്തരപേപ്പറുകളുടെ മൂല്യനിർണയം അതാത് ഇടവകകളിൽത്തന്നെ വികാരിയച്ചനായിരിക്കും നടത്തുന്നത്.
- ഉത്തരസൂചികയ്ക്കൊപ്പം നൽകുന്ന സ്കോർഷീറ്റിൽ അധ്യാപകരുടെ പേരും ഒന്നും, രണ്ടും സ്ഥാനം ലഭിച്ചവരുടെ മാർക്കും രേഖപ്പെടുത്തേണ്ടതാണ്.
- ഒന്ന് രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്ന അധ്യാപകർക്ക് രൂപതാതലത്തിൽ മാർച്ച് 31 വെള്ളിയാഴ്ച പരീക്ഷ നടത്തുന്നതാണ്.
- രൂപതാതല പരീക്ഷയ്ക്കുള്ള പഠനഭാഗം പേജ് 190-254/ 255-334 വരെയായിരിക്കും.
- ആദ്യത്തെ പരീക്ഷയിൽ ഉൾപ്പെടുത്തിയ പേജ് 225-334 വരെയുള്ള ഭാഗത്തുനിന്ന് നേരത്തെ നൽകിയ ചോദ്യാവലിയിൽ നിന്നു മാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളു. രൂപതാതല പരീക്ഷയും 30 മാർക്കിലായിരിക്കും. എട്ടു ചോദ്യങ്ങൾ പൊതുവിജ്ഞാനത്തിൽ നിന്നും ആയിരിക്കും.

## വിശ്വാസോത്സവം

ഈ അധ്യയനവർഷത്തെ (2022-2023) വിശ്വാസോത്സവം ഈസ്റ്ററിനുശേഷം വരുന്ന ചൊവ്വ, ബുധൻ, വ്യാഴം (ഏപ്രിൽ 11, 12, 13) ദിവസങ്ങളിൽ ആയിരിക്കും.

വിശ്വാസോത്സവ ഗ്രൂപ്പുകൾ (ഗ്രൂപ്പ് 1: ക്ലാസ് I, ഗ്രൂപ്പ് 2: ക്ലാസ് II, III, ഗ്രൂപ്പ് 3: ക്ലാസ് IV, ഗ്രൂപ്പ് 4: ക്ലാസ് V, VI, ഗ്രൂപ്പ് 5: ക്ലാസ് VII, VIII, ഗ്രൂപ്പ് 6: ക്ലാസ് IX, X)

ഓരോ ദിവസവും 6 മണിക്കൂർ വിശ്വാസോത്സവം നടത്തേണ്ടതാണ്. സമയക്രമീകരണം ഓരോ ഇടവകയുടെയും സാഹചര്യങ്ങൾക്കനുസരിച്ച് തീരുമാനിക്കാവുന്നതാണ്.

വിശ്വാസോത്സവ വർക്ക് ബുക്കിന്റെ വില 40/- രൂപ. നാലാം ക്ലാസിലെ വർക്ക് ബുക്ക് ആദ്യകുർബാന സ്വീകരണം എന്ന പുസ്തകമായിരിക്കും വില 60/- രൂപ.

2023 മാർച്ച് 15 (ബുധൻ) മുതൽ വർക്ക് ബുക്ക് വിതരണത്തിനു തയ്യാറാകുന്നതാണ്.

## വിശ്വാസോത്സവ പഠനശിബിരം (രൂപതാതലം)

മാർച്ച് 04 (ശനി) താമരശ്ശേരി ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 9.30 മുതൽ 12.30 വരെ രൂപതാതല പഠനശിബിരം നടത്തുന്നതാണ്. ഓരോ മേഖലയിൽ നിന്നും 5 പേരടങ്ങുന്ന ഗ്രൂപ്പാണ് ഈ പഠനശിബിരത്തിൽ പങ്കെടുക്കേണ്ടത്. (1 വൈദികൻ, 4 അത്മായ അധ്യാപകർ). മേഖലാ ഭാരവാഹികൾ അവരുടെ മേഖലയിൽ ഗ്രൂപ്പ് രൂപീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാമിന് അധ്യാപകരെ പറഞ്ഞയയ്ക്കേണ്ടതാണ്.

## വിശ്വാസോത്സവ പഠനശിബിരം (മേഖലാതലം)

മാർച്ച് 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ മേഖലാതല പഠനശിബിരം നടത്തപ്പെടുന്നതാണ്. രൂപതാതലത്തിൽ ട്രയിനിംഗ് ലഭിച്ച് 5 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും മേഖലാതലത്തിൽ ട്രെയിനിംഗ് നൽകുന്നത്. മേഖലാതല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ അധ്യാപകരും പങ്കെടുക്കേണ്ടതാണ്. (4-ാം ക്ലാസ്സിലെ അധ്യാപകർ പഠനശിബിരത്തിൽ പങ്കെടുക്കേണ്ടതില്ല. അവർ വ്യക്തിപരമായി 'ആദ്യകുർബാന സ്വീകരണം' എന്ന പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്). മേഖലയിൽ വച്ച് നടക്കുന്ന പ്രോഗ്രാമിൽ ഗ്രൂപ്പ് ലീഡറായ വൈദികന്റെ ആദ്യത്തെ Indroduction Session-നുശേഷം അധ്യാപകരെ പുസ്തകങ്ങളുടെ ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ 5 ഗ്രൂപ്പുകളായി തിരിക്കുന്നു. 5 ഗ്രൂപ്പുകൾക്കും രൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച അധ്യാപകർ ക്ലാസെടുക്കുന്നു. 9, 10-ാം ക്ലാസുകൾ അടങ്ങിയ ഗ്രൂപ്പിന് ട്രയിനിംഗിൽ പങ്കെടുത്ത വൈദികനായിരിക്കും ക്ലാസ് നൽകുന്നത്.

## മതബോധനം 10-ാം ക്ലാസ്

SSLC പരീക്ഷയോടനുബന്ധിച്ച് 2023 മാർച്ച് 12, 19, 26 തിയതികളിൽ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് വേദപാഠ ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല. ഏപ്രിൽ 11 മുതൽ നടക്കുന്ന വിശ്വാസോത്സവത്തിൽ അവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## വാർഷിക പരീക്ഷ

2022-2023 അധ്യയനവർഷത്തെ വാർഷിക പരീക്ഷ 2023 ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും നടത്തുന്നതാണ്. രൂപതാ മതബോ ധന കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഈ വർഷം മുതൽ മൂന്നാം ക്ലാസിൽ എഴുത്തു പരീക്ഷയായിരിക്കും. ഉത്തരങ്ങൾ ചോദ്യപേപ്പറിൽ എഴുതുന്ന രീതിയിലായിരിക്കും പരീക്ഷ നടത്തുന്നത്.

## സേ പരീക്ഷ

പരീക്ഷയിൽ പരാജയപ്പെട്ട കുട്ടികൾക്കും പരീക്ഷ എഴുതാത്ത കുട്ടികൾക്കും 'റീ എക്സാമിനേഷൻ' അതാത് ഇടവകകളിൽ ചോദ്യപേപ്പർ തയ്യാറാക്കി നടത്തേണ്ടതാണ്.

## സ്കോളർഷിപ്പ് പരീക്ഷ

2022-2023 അധ്യയനവർഷത്തെ സ്കോളർഷിപ്പ് പരീക്ഷ 2023 ഏപ്രിൽ 22 ശനിയാഴ്ച രാവിലെ 9.00 മണി മുതൽ 11 മണി വരെ മേഖലാകേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു.


## ടാലന്റ് ഫെസ്റ്റ്

13-ാം ക്ലാസിൽ നേതൃത്വനിരയിലുള്ള കുട്ടികൾക്കായുള്ള സംഗമം 2023 ഏപ്രിൽ 14 വെള്ളിയാഴ്ച ചേവായൂർ പ്രസന്റേഷൻ ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 9.30 മുതൽ 4.30 വരെ നടത്തുന്നു. ഓരോ ഇടവകയിലും 13-ാം ക്ലാസിൽ നേതൃത്വ വാസനയുള്ള കുട്ടികളെ കണ്ടെത്തി പ്രോഗ്രാമിൽ പങ്കെടുപ്പിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 150/- രൂപ.

## ഡയറക്ടറച്ചന്റെ സന്ദർശനം

വിളക്കാംതോട് ഇടവകയിൽ സന്ദർശനം നടത്തി, മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ആരാഞ്ജലികൾ

## സി. പാസ്ക്കൽ ബൈലോൺ എഫ്.സി.സി



പാലാ രൂപത, ഇടമറുക് ഇടവക ഒരപ്പൂഴിക്കൽ അബ്രാഹം-അന്നമ്മ ദമ്പതികളുടെ ദാമ്പത്യ വല്ലരിയിൽ വിരിഞ്ഞ ആറു മക്കളിൽ ഇളയ മകളായി 1938 ഏപ്രിൽ 21-ാം തീയതി ബഹു. ബൈലോണമ്മ ജനിച്ചു. പാലാ രൂപതയിലെ ഭരണങ്ങാനം, കണ്ണാടിയുറുമ്പ് എന്നീ മഠങ്ങളിൽ സന്യാസപരിശീലനം പൂർത്തിയാക്കി 1958 ഏപ്രിൽ 8 ന് സഭാവസ്ത്രം സ്വീകരിച്ച് സി. പാസ്ക്കൽ ബൈലോൺ എന്ന പേര് സ്വീകരിച്ചു. 1959 ഏപ്രിൽ 13 ന് പ്രഥമവ്രതവാഗ്ദാനവും,1962 മെയ് 21 ന് നിത്യവ്രതവാഗ്ദാനവും നടത്തി.

കോടഞ്ചേരി, വെള്ളരിക്കുണ്ട്, കുടിയാൻമല, ചെമ്പന്തൊട്ടി, കണ്ണോത്ത്, ഈരൂട്, വേനപ്പാറ, പേരാമ്പ്ര, മലാപ്പറമ്പ്, പന്തല്ലൂർ എന്നീ ഇടവകകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച സിസ്റ്റർ തലശ്ശേരി, താമരശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള വിവിധ സ്ക്കൂളുകളിൽ 30 വർഷക്കാലം അധ്യാപികയായിരുന്നു.

ഈരൂട് ഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരവെ 11.01.2023 ബുധനാഴ്ച്ച ഈരൂട് പള്ളി വികാരി ബഹു. ഫാ. ആന്റണി ചെന്നിക്കരയിൽ നിന്ന് രോഗീലേപനം സ്വീകരിച്ച് ഉച്ചയ്ക്ക് രണ്ടു മണിയോടുകൂടി ബഹു. ബൈലോണമ്മ നിര്യാതയായി.

16.01.2023 തിങ്കളാഴ്ച്ച് 3 മണിക്ക് ആരംഭിച്ച മൃതസംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവും താമരശ്ശേരി രൂപതയുടെ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയും കാർമ്മികത്വം വഹിച്ചു. അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും കുടുംബാംഗങ്ങളുടെയും ദൈവജനത്തിന്റെയും സാന്നിധ്യത്തിൽ കോടഞ്ചേരി ദേവാലയ സെമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ ബഹു. ബൈലോണമ്മയുടെ മൃതദേഹം സംസ്കരിച്ചു.

ഒരു യഥാർത്ഥ ഫ്രാൻസിസ്ക്കൻ സന്യാസിനിയായി ജീവിച്ച ബൈലോണമ്മയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# ചെറുപുഷ്പ മിഷൻലീഗ്

## കൂരാച്ചുണ്ട് റീജിയണൽ സമ്മേളനം

ഫെബ്രുവരി 11 ന് കൂരാച്ചുണ്ട് റീജിയണൽ സമ്മേളനം മരുതോങ്കര മേഖലയിലെ ചാത്തൻകോട്ടുനടയിൽ വച്ച് നടത്തുന്നു. രാവിലെ 10.30 ന് ആരംഭിക്കുന്നു. കൂരാച്ചുണ്ട്, മരുതോങ്കര,വിലങ്ങാട് എന്നീ 3 മേഖലകളിൽ നിന്നുമുള്ള മേഖല എക്സിക്യൂട്ടീവ് അംഗങ്ങളാണ് ഇതിൽ പങ്കെടുക്കേണ്ടത്.

## പരീക്ഷ ഒരുക്ക ആരാധന

എല്ലാ വർഷവും പരീക്ഷയ്ക്ക് ഒരുങ്ങുന്ന വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കു വേണ്ടി പ്രത്യേകിച്ച് പത്താം ക്ലാസ് പരീക്ഷ എഴുതുന്നവർക്കു വേണ്ടി ഒരു ഞായറാഴ്ച ശാഖകളിൽ മതബോധന വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളുമൊരുമിച്ച് ആരാധന നടത്താറുണ്ടല്ലോ. ഫെബ്രുവരി 26 ഞായറാഴ്ച പൊതുവായ ഈ ആരാധന ദിനമായി നമുക്ക് മാറ്റി വെക്കാം. മറ്റു ദിവസങ്ങളിൽ ആണെങ്കിലും അഭികാമ്യം.

## സംസ്ഥാന സമിതിയുടെ രൂപത സന്ദർശനം

മാർച്ച് 11 രണ്ടാം ശനിയാഴ്ച സംസ്ഥാന സമിതി താമരശ്ശേരി രൂപത ഓഫീസിൽ സന്ദർശനം നടത്തുന്നു. രൂപത എക്സിക്യൂട്ടീവ് യോഗവും അതോടൊപ്പം നടത്തുന്നു.

## ഗ്രാന്റ് മാസ്റ്റർ ക്യാമ്പ്

2023 ഏപ്രിൽ 18, 19, 20 തിയ്യതികളിൽ രൂപത തലത്തിൽ 7 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഗ്രാന്റ്മാസ്റ്റേഴ്സ് ക്യാമ്പ് നടത്തുന്നു. ക്യാമ്പ് ഫീസ് 1500 രൂപയാണ്. ഫെബ്രുവരി 20 നകം പങ്കെടുക്കുവാനാഗ്രഹിക്കുന്ന കുട്ടികൾ 500 രൂപ കൊടുത്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്. പെർഫോമൻസ് ലെവലിൽ കുട്ടികളെ വളർത്താൻ ഉതകുന്ന ക്യാമ്പാണ്. ഓരോ മേഖലയിലും പ്രാവീണ്യമുള്ള ട്രെയിനേഴ്സ് ആണ് പരിശീലനം നൽകുന്നത്. ഒരു ശാഖയിൽ നിന്ന് 2 പേർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## രൂപത മാനേജിങ് കമ്മറ്റിയും വൈസ് ഡയറക്ടർ സമ്മേളനവും

ഈ വർഷത്തെ രണ്ടാമത്തെ മാനേജിങ് കമ്മറ്റിയും ശാഖ വൈസ് ഡയറക്ടർ സമ്മേളനവും ഏപ്രിൽ 28 വെള്ളിയാഴ്ച സംഘടിപ്പിക്കുന്നു. മാനേജിങ് കമ്മറ്റിയിലെ എല്ലാവരും പങ്കെടുക്കേണ്ടതാണ്. എല്ലാ ശാഖ വൈസ് ഡയറക്ടേഴ്സും പങ്കെടുക്കേണ്ടതാണ്. സമയം പിന്നീട് അറിയിക്കുന്നതാണ്.

## മിസ്സിയോ ദൈവവിളി പ്രസംഗ മത്സരം

ദൈവവിളി മാസത്തിൽ (മെയ് 6 ന് മുമ്പ്) എല്ലാ ശാഖകളിലും ദൈവവിളി പ്രസംഗ മത്സരം (MISSIO) നടത്തുന്നു. മേഖലയിൽ മെയ് 7 മുതൽ 12 വരെയുള്ള

ദിവസങ്ങളിൽ നടത്തിയ ശേഷം, രൂപതയിൽ മെയ് 13 രണ്ടാം ശനിയാഴ്ച 9.30 ന് രൂപതാതല മത്സരം നടത്തുന്നു. അന്നേദിവസം 11 മണിക്ക് രൂപത വാർഷികം, കൗൺസിൽ നടത്തുന്നു. ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നു.

### പ്രേഷിത വാഹിനി

MST സഭയുടെ മാധ്യമ വിഭാഗമായ സാന്തോം മീഡിയയും ശാലോം ടെലിവിഷനും ചേർന്നൊരുക്കുന്ന സഭാ വിജ്ഞാനീയ ക്വിസ്, പാരമ്പര്യ കലകൾ, പ്രോഗ്രാമുകൾ എന്നിവ രൂപതയിലെ തെരെഞ്ഞെടുക്കപ്പെട്ട വിവിധ കേന്ദ്രങ്ങളിൽ നടത്തുവാൻ രൂപത ഘടകത്തിന്റെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കുന്നു. വേനപ്പാറ, കോടഞ്ചേരി, താമരശ്ശേരി, കൂരാച്ചുണ്ട് എന്നിവിടങ്ങളിൽ വെച്ചാണ് പ്രോഗ്രാം നടത്തുന്നത്.

### കൃതജ്ഞത, സ്വാഗതം

ചെറുപുഷ്പ മിഷൻ ലീഗ് മേഖലാ ഡയറക്ടേഴ്സായി സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ അജപാലന ഇടങ്ങളിലേയ്ക്ക് സ്ഥലം മാറി പോകുന്ന ഫാ. അഗസ്റ്റിൻ (കോടഞ്ചേരി) ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ (പാറോപ്പടി), ഫാ. തോമസ് പുലയംപറമ്പിൽ (കൂരാച്ചുണ്ട്) എന്നിവർക്ക് അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ചെറുപുഷ്പ മിഷൻ ലീഗിന്റെ പുതിയ മേഖല ഡയറക്ടേഴ്സ് ആയി നിയമിതരായ ഫാ. ജോസഫ് വിലങ്ങുപാറ (കോടഞ്ചേരി), ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ (പാറോപ്പടി), ഫാ. ജേക്കബ് കോയിപ്പുറത്ത് (കൂരാച്ചുണ്ട്) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

### ഫെബ്രുവരി മാസപ്രോഗ്രാം

| | |
|---|---|
| 02 വ്യാഴം | നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനം |
| 11 ശനി | റീജിയണൽ സംഗമം, കൂരാച്ചുണ്ട് |
| | ലൂർദ് മാതാവിന്റെ തിരുനാൾ – രോഗീദിനം, |
| | രൂപത എക്സിക്യൂട്ടീവ് |
| 12 ഞായർ | തിരുബാലസഖ്യദിനം |
| 29 ശനി | വാ. റാണി മരിയ |
| 26 ഞായർ | അമ്പത് നോമ്പാരംഭം – പരീക്ഷ ഒരുക്ക ആരാധന |

### പ്രവർത്തനങ്ങൾ

* സംഘടനയിൽനിന്നും മരണമടഞ്ഞവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.
* സാധ്യമാകുംവിധം നോമ്പെടുത്ത് പ്രാർത്ഥിക്കുന്നു.
* പരീക്ഷ ഒരുക്ക ധ്യാനം, സെമിനാർ എന്നിവ നടത്തുന്നു.

**ഫാ. തോമസ് തേവടിയിൽ**

ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# ലിറ്റർജി കമ്മീഷൻ

## ഫീദെസ് ഫാമിലി ക്വിസ് 2023

താമരശ്ശേരി രൂപത കലണ്ടർ 2023 നെയും വിശുദ്ധ കുർബാന പുസ്തകത്തെയും അടിസ്ഥാനമാക്കി ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ 'ഫീദെസ് ഫാമിലി ക്വിസ് 2023' എന്ന പേരിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

*പ്രത്യേകതകൾ*

താമരശ്ശേരി രൂപതയിലെ എല്ലാ കുടുംബങ്ങൾക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാം. ഒരു കുടുംബത്തിലെ കുറഞ്ഞത് രണ്ടു പേർക്കോ പരമാവധി മൂന്നുപേർക്കോ പങ്കെടുക്കാം.

ഇടവകാതലം, രൂപതാതലം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്.

2023 ലെ താമരശ്ശേരി രൂപത കലണ്ടർ (60%), വിശുദ്ധ കുർബാന പുസ്തകം റാസക്രമം (30%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%) എന്നിവയാണ് ഒന്നാം ഘട്ടത്തിലെ പഠന വിഷയങ്ങൾ.

ഒന്നാംഘട്ട മത്സരം ഓൺലൈൻ ആയിട്ടാണ് നടത്തുന്നത്. കലണ്ടറിൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്യുമ്പോൾ കിട്ടുന്ന ഫോം പൂരിപ്പിച്ച് ഉത്തരങ്ങൾ അയയ്ക്കേണ്ടതാണ്. സംശയങ്ങൾക്ക് 89 21 83 57 01 എന്ന വാട്സപ്പ് നമ്പറിൽ ബന്ധപ്പെടുക. ഉത്തരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 9 ഞായറാഴ്ച രാത്രി 12 മണിയാണ്. പ്രായഭേദമെന്യേ ഒരു കുടുംബത്തിലെ ആർക്കും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

ഒരു ഇടവകയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന രണ്ട് ടീമുകളാണ് രൂപതാതല രണ്ടാംഘട്ട മത്സരത്തിന് അർഹരാകുന്നത്.

ഇടവകതല മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള രണ്ടാംഘട്ട മത്സരം 2023 ജൂൺ 10 ശനിയാഴ്ച രൂപതാതലത്തിൽ നടത്തുന്നതാണ്.

ഒന്നാം സമ്മാനം : 15,000 രൂപ (CHEM Pharma, Calicut Road, Manjeri)

രണ്ടാം സമ്മാനം : 10000 രൂപ (Fatima Druglines, Manjeri)

മൂന്നാം സമ്മാനം : 5000 രൂപ (Adv. Beena Joseph Palayoor, Manjeri).

പ്രോത്സാഹന സമ്മാനങ്ങൾ (Arabian Dental Lab, Manjeri)

ബഹു. അച്ചന്മാർ ഈ ക്വിസ് മത്സരത്തിൽ സംബന്ധിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

## സ്കൂൾ കെട്ടിട ഉദ്ഘാടനം

തെയ്യപ്പാറ സെന്റ് തോമസ് യൂ.പി. സ്കൂളിനുവേണ്ടി മികച്ച സൗകര്യങ്ങളോടെ നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ ആശീർവാദകർമ്മവും ഉദ്ഘാടനവും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട്, സ്കൂൾ മാനേജർ ഫാ. ജോസ് പെണ്ണാപറമ്പിൽ, ഹെഡ്മിസ്ട്രസ് ശ്രീമതി മിനി റോസ്, പി.ടി.എ. ഭാരവാഹികൾ, അധ്യാപക-അനധ്യാപകർ, ഇടവക ട്രസ്റ്റിമാർ, വിദ്യാർത്ഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## എസ്.ആർ.ഐ. മീറ്റിംഗ്

കോർപ്പറേറ്റ് സ്കൂളുകളിൽ വേദപാഠ-സന്മാർഗ്ഗശാസ്ത്ര പഠനത്തിന് നേതൃത്വം നൽകുന്ന എസ്.ആർ.ഐ. മാരുടെ (Secretary for Religious Instruction) പഠനശിബിരം മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് അധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. ഈ വർഷത്തെ വാർഷികപരീക്ഷകൾ 10.01.2023 നും സ്കോളർഷിപ്പ് പരീക്ഷകൾ 28.01.2023 നടത്താൻ തീരുമാനിച്ചു. കോർപ്പറേറ്റുതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി എട്ടംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുത്തു.

## അധ്യാപകാർത്ഥികൾക്കുള്ള എഴുത്തുപരീക്ഷ

കോർപ്പറേറ്റ് സ്കൂളുകളിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി അധ്യാപകരായി നിയമിക്കപ്പെടുന്നതിന് അപേക്ഷ സമർപ്പിച്ച വിവിധ വിഷയങ്ങളിൽ ബി.എഡ്ഡ് ബിരുദധാരികളായ ഉദ്യോഗാർത്ഥികൾക്കായുള്ള എഴുത്തുപരീക്ഷ 2023 ഫെബ്രുവരി 11-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂളിൽവെച്ച് നടത്തുന്നതാണ്.

## ആദരാഞ്ജലികൾ

കോർപ്പറേറ്റിനുകീഴിൽ വിവിധ വിദ്യാലയങ്ങളിൽ നീണ്ടകാലം മികച്ച അധ്യാപകരായി സേവനം അനുഷ്ഠിച്ചശേഷം വിശ്രമജീവിതം നയിച്ചിരുന്ന ശ്രീമതി ഏലിക്കുട്ടി എ.എം. (റിട്ട. ടീച്ചർ, സെന്റ് തോമസ് യു.പി. സ്കൂൾ, കൂരാച്ചുണ്ട്), ശ്രീമതി പി.വി. ഏലി (അമ്മിണി ടീച്ചർ, സേക്രഡ് ഹാർട്ട് യു.പി. സ്കൂൾ, തിരു


വമ്പാടി) എന്നീ പ്രിയപ്പെട്ടവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഇവരുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുന്നവർ

| Sl.N | Name | Designation | School |
|---|---|---|---|
| 1 | Jesily John | Principal | Kallanode HSS |
| 2 | Lovely Sebastian | Principal | Koorachundu HSS |
| 3 | Shanty P Sebastian | Principal | Padathukadavu HSS |
| 4 | Milly Abraham V | HSST English | Thiruvampady HSS |
| 5 | Elsamma Mathew | HSST Economics | Thiruvampady HSS |
| 6 | Tom Thomas | HSST Political Science | Koodaranhi HSS |
| 7 | Jollyamma V Thomas | HSST Hindi | Koodaranhi HSS |
| 8 | Lizamma Joseph | HSST (Jr) Malayalam | Kodanchery HSS |
| 9 | Jose K J | Headmaster | Punnackal HS |
| 10 | Aleyamma O.M. | HST Hindi | Chempanoda HS |
| 11 | Nirmala Joseph | HST Hindi | Kodanchery HS |
| 12 | Pushpamma Joseph T | HST Hindi | Kulathuvayal HS |
| 13 | Joseph Sebastian | HST SS | Vilangad HS |
| 14 | Benny M.J. | HST SS | Pullurampara HS |
| 15 | Elsamma K.C | HST SS | Koodaranhi HS |
| 16 | Devasya T.C. | HST SS | Thiruvampady HS |
| 17 | Biny Thomas | HST Mathematics | Koodaranhi HS |
| 18 | Shiny Antony | HST Mathematics | Thiruvampady HS |
| 19 | Shanty M V | HST Natural Science | Koodaranhi HS |
| 20 | Liya Augustine | HST Natural Science | Kallanode HS |
| 21 | Augustine George | Headmaster | Thiruvampady UPS |
| 22 | George O. C | Headmaster | Poozhithode UPS |
| 23 | Saji Lukose | Headmaster | Kallurutty UPS |
| 24 | Mini Rose J | Headmistress | Theyyappara UPS |
| 25 | Shilly Mathew | Headmistress | Kannoth UPS |
| 26 | Ruby Thomas | Headmistress | Thekkumkutty LPS |
| 27 | Sosamma Thomas | Headmistress | Thalayad LPS |
| 28 | Joseph Thomas | Headmaster | Narinada LPS |
| 29 | Daisy P A | UPST | Kodanchery HS |
| 30 | Tessimol | UPST | Koodaranhi HS |
| 31 | James K J | UPST | Nenmeni UPS |
| 32 | Thankamma Thomas | UPST | Thiruvampady UPS |

| | | | |
|---|---|---|---|
| 33 | Joy Thomas | PET | Kakkdampoil HS |
| 34 | Jose Joseph G.J. | PET | Kannoth HS |
| 35 | Sr. Aneeza P. T. | JLT Hindi | Chamal UPS |
| 36 | Maxine J Periyappuram | Craft | Kallanode HS |
| 37 | Sr. Beena Kuriakose | LPST | Pullurampara UPS |
| 38 | Aneese T.J. | LPST | Koorachundu UPS |
| 39 | Aleyamma K.J. | LPST | Chakkittappara LPS |
| 40 | Daisy Thomas | LPST | Koodaranhi LPS |
| 41 | Shaji Joseph | LPST | Koodaranhi LPS |
| 42 | Shaley Bendict | LPST | Neeleswaram LPS |
| 43 | Jose Mathew | Clerk | Pullurampara HS |
| 44 | Thomas Paul | Clerk | Maramchatty HS |
| 45 | Shaji John | Clerk | Kattippara HS |
| 46 | Marykutty K.A | OA | Maruthomkara HS |
| 47 | George TM | OA | Thottumukkom HS |

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ



# സ്റ്റാർട്ട്

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സ് (AI)

പുതുതലമുറയ്ക്ക് മുൻപിൽ തൊഴിലവസരങ്ങളുടെ അനന്തവാതായനങ്ങൾ തുറന്നുകൊണ്ട് സ്റ്റാർട്ട് ഒരുക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സിന് തുടക്കമായി. ദേശീയതലത്തിലും അന്തർദേശീയ തലത്തിലും ഉയർന്ന ജോലി കണ്ടെത്തുവാൻ വിദ്യാർ ത്ഥികളെ പ്രാപ്തമാക്കുന്ന ഈ കോഴ്സ് ജനുവരി 7ന് താമരശ്ശേരി രൂപതാ അധ്യക്ഷനും, START ന്റെ രക്ഷാധികാരിയുമായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. യൂറോപ്പിൽ നിന്നും ഓസ്ട്രേലിയയിൽ നിന്നും ഇന്ത്യയിൽ നിന്നുമായി അറുപത്തിനാല് വിദ്യാർത്ഥികൾ ഈ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്. റവ. ഡോ. സുബിൻ കിഴക്കേവീട്ടിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. റവ. ഡോ ജെറാർഡ് ബ്രുഗ്ഗിൻക്, റവ. ഡോ. ജോർജ് പയ്യമ്പള്ളി എന്നിവ രുടെ സാന്നിധ്യം ചടങ്ങിനെ ധന്യമാക്കി.

ഒരു വർഷം ദൈർഘ്യമുള്ള ഈ കോഴ്സിന് അഡ്മിഷൻ നേടുന്നതിനുള്ള യോഗ്യത കമ്പ്യൂട്ടറിനെക്കുറിച്ചുള്ള അടിസ്ഥാന പരിജ്ഞാനവും, പ്ലസ് ടുവുമാണ്. ശനിയാഴ്ച്ചകളിൽ ഉച്ചകഴിഞ്ഞ് 3 മണി മുതൽ അഞ്ചര മണി വരെയാണ് ക്ലാസ്സുകൾ. നെതർലാൻസിലെ ഡീപ്ടെക് കമ്പനിയുടെ സി ഇ ഒ യും, എ.ഐ പ്രാക്ടീഷണറുമായ രഞ്ജി ജോൺ ആണ് ക്ലാസ്സുകൾ നയിക്കുന്നത്. ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ START ഓഫീസുമായി ബന്ധപ്പെടുക.

## Eureka Moment Training Programme

2022ൽ ഓണവധിക്കാലത്തും ക്രിസ്തുമസ് അവധിക്കാലത്തുമായി രണ്ട് ക്യാമ്പുകൾ നടന്നു. ഓണാവധിക്കാലത്ത് ജൂനിയർ സീനിയർ വിഭാഗങ്ങളിലായി നൂറോളം കുട്ടികളും ക്രിസ്തുമസ് അവധിക്കാലത്ത് അറുപതോളം കുട്ടികളും ക്യാമ്പിൽ പങ്കെടുത്തു. ഈ ക്യാമ്പുകൾ ഓരോ കുരുന്നു മനസ്സിലും വിശ്വാസവും ധാർമികതയും വളർത്താനുതകുന്നതായിരുന്നു.

താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ക്യാമ്പുകൾ ഉദ്ഘാടനം ചെയ്തു.

കല, കായികം, സിനിമ, കൃഷി, രാഷ്ട്രീയം എന്നീ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികൾ ക്ലാസ്സുകൾ നയിച്ചു. ക്യാമ്പിന്റെ അവസാനം വിദ്യാർത്ഥികൾക്കായി ജീവന്റെയും വളർച്ചയുടെയും പ്രതീകമായ ഒരു വൃക്ഷത്തൈ നൽകിയാണ് വീടുകളിലേക്ക് പറഞ്ഞയച്ചത്. ഒരു തൈ പോലെ മറ്റുള്ളവർക്കായി താങ്ങും തണലുമാകാനുള്ള പ്രചോദനമായിരുന്നു അത്.

ഉയരങ്ങളിലേക്ക് പറക്കാൻ തീവ്രമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്ന, വളർന്നു വരുന്ന യുവതലമുറയ്ക്ക് സാധ്യതകളുടെ വാതിൽ തുറന്നു കൊടുക്കുവാനായാണ് START പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

### Intensive Crash Course – CUET

ഉയർന്ന നിലവാരം പുലർത്തുന്ന; പ്രത്യേകിച്ചും കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള സർവ്വകലാശാലകളെ, ഏകോപിപ്പിച്ചുകൊണ്ട് നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തുന്ന അഖിലേന്ത്യ പരീക്ഷയായ 'കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ്' (CUET) ൽ വിജയം നേടാൻ പ്ലസ് ടു കഴിഞ്ഞ കുട്ടികളെ ഒരുക്കുന്നതിനുള്ള ഇടക്കാല പഠനം ഏപ്രിൽ മാസം തുടങ്ങുന്നു. മാർച്ചിൽ പ്ലസ് ടു പരീക്ഷയ്ക്കു ശേഷം CUET എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കയാണ് ഈ ക്രാഷ് കോഴ്സ് ഒരുങ്ങുന്നത്. ഏപ്രിൽ ആദ്യ ആഴ്ചയിൽ തുടങ്ങുന്ന Comprehensive and Intensive crash course നെ കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ നേടുവാനും ആഗ്രഹിക്കുന്നവർ സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക.

### സ്വാഗതം

START ന്റെ അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട ജോർജ് നരിവേലിൽ അച്ചന് ഹൃദ്യമായ സ്വാഗതവും, പ്രാർത്ഥനാശംസകളും നേരുന്നു.

സ്റ്റാർട്ടിൽ നടക്കുന്ന കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും ആഗ്രഹിക്കുന്നവർ ഈ നമ്പറുകളിൽ ബന്ധപ്പെടുക. 0495 235 7843, 9037 107 843, 9744 458 111.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡിമിനിസ്ട്രേറ്റീവ് ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ, ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് കോഴ്സുകളും ദിവസേന കൗൺസിലിംഗും നടക്കുന്നു.

## സീനിയർ പ്രീസ്റ്റ്സ് എംപവർമെന്റ് പ്രോഗ്രാം

ജനുവരി 2 താമരശ്ശേരി രൂപതയിലെ മുതിർന്ന വൈദികർക്കായുള്ള എംപവർമെന്റ് പ്രോഗ്രാം ജെപിഐ ൽ വച്ച് നടത്തി. ബഹുമാനപ്പെട്ട വൈദികർ തങ്ങളുടെ ജീവിതാനുഭവങ്ങളും വിസ്മയനീയമായ ദൈവിക പരിപാലനയുടെ ഓർമകളും പങ്കുവച്ചു സംസാരിച്ചതു ഏറെ പ്രചോദനാത്മകമായിരുന്നു.

## PhD Examination

JPI യിൽ Phd in Counseling Psychology ചെയ്യുന്ന വിദ്യാർത്ഥികളുടെ PhD Examination ജനുവരി 14,15 തീയതകിളിൽ JPI യിൽ വച്ച് നടന്നു.

## കോഴ്സുകൾ

എം.എസ്.സി ഇൻ കൗൺസിലിംഗ് സൈക്കോളജി (എല്ലാ ഞായറാഴ്ചകളിലും, എല്ലാ രണ്ടാം ശനിയാഴ്ചകളിലും മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ ക്ലാസ്സുകൾ നടക്കുന്നു.)

ഓൺലൈൻ ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി

ഓൺലൈൻ ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് എന്നീ കോഴ്സുകൾ നടക്കുന്നു.

## അഡ്മിഷൻ ആരംഭിച്ചു

2023-25 വർഷത്തിലേക്കുള്ള മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ (എം.എസ്.സി ഇൻ കൗൺസിലിംഗ് സൈക്കോളജി-ഓഫ്ലൈൻ/ഓൺലൈൻ) അഡ്മിഷൻ പുരോഗമിക്കുന്നു. ഡിഗ്രി യോഗ്യതയുള്ളവർക്കു ഈ കോഴ്സിലേക്കു അപേക്ഷിക്കാവുന്നതാണ്. താൽപര്യമുള്ളവർ എത്രയും വേഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9496575018, 90379180.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

**നന്ദി**

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് ഓഫീസിൽ സെക്രട്ടറിയായി ദീർഘകാലം സേവനം ചെയ്ത് സന്യാസ ജീവിതത്തിലെ നിത്യവ്രത വാഗ്ദാനത്തിനായി പ്രാർത്ഥിക്കാനും ഒരുങ്ങുവാനുമായി പോകുന്ന ബഹുമാനപ്പെട്ട സിസ്റ്റർ ഷിബിലി എസ്. എച്ചിന് താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥന ആശംസകളും നേരുന്നു.

**സ്വാഗതം**

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് ഓഫീസ് സെക്രട്ടറിയായി കടന്നുവന്നിരിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റർ മെറിൻ എസ്.എച്ച്. ന് സ്നേഹോഷ്മളമായ സ്വാഗതവും എല്ലാവിധ വിജയാശംസകളും നേരുന്നു.

**സജീവ് പുരയിടത്തിൽ**
പ്രസിഡന്റ്

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# ഇൻഫാം

**ഇൻഫാം കർഷക ദിനം ആചരിച്ചു**

കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കർഷകദിനമായ ജനുവരി 15 താമരശ്ശേരി രൂപതയിൽ സമുചിതമായി ആചരിച്ചു. കെസിബിസി ഇൻഫാം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ സർക്കുലർ എല്ലാ ഇടവകകളിലും വായിക്കുകയും കർഷകദിനത്തോടനുബന്ധിച്ച് വിവിധ ഇടവകകളിൽ ഇൻഫാം പതാക ഉയർത്തുകയും ഓരോ ഇടവകയിലെയും ഏറ്റവും നല്ല കർഷകനെ ആദരിക്കുകയും ചെയ്തു. കർഷകദിനത്തിന്റെ രൂപതതല ഉദ്ഘാടനം ഇൻഫാം മലബാർ മേഖലാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ തെയ്യപ്പാറ സെന്റ് തോമസ് ദേവാലയങ്കണത്തിൽ ഇൻഫാം പതാക ഉയർത്തിക്കൊണ്ട് നിർവഹിച്ചു. തെയ്യപ്പാറ കാർഷിക വില്ലേജിലെ ഏറ്റവും നല്ല കർഷകനായ തോമസ് ചേനപ്പറമ്പിലിനെ പൊന്നാടയണിയിച്ച് ആദരിച്ചു. കോടഞ്ചേരി കാർഷിക താലൂക്കിൽ ഡയറക്ടർ ബഹുമാനപ്പെട്ട കുര്യാക്കോസ് ഐകുളമ്പിലും തിരുവമ്പാടി കാർഷിക താലൂക്കിൽ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് നാഗപറമ്പിലും കല്ലുരുട്ടി കാർ

ഷിക വില്ലേജിൽ ബഹുമാനപ്പെട്ട ഡയറക്ടർ മാത്യു മാവേലിയും കൂടത്തായി
കാർഷിക വില്ലേജിൽ ബഹുമാനപ്പെട്ട ജോർജ് ഏഴാനിക്കാട് സി എം ഐ യും അമ
ലാപുരി കാർഷിക വില്ലേജിൽ ഫാ. റോജി കഴുകനോലിക്കലും ചിപ്പിലിത്തോട് കാർ
ഷിക വില്ലേജിൽ ബഹുമാനപ്പെട്ട തോമസ് ഒ.എഫ്.എം പുഷ്പഗിരി കാർഷിക
വില്ലേജിൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് വെള്ളംമാക്കലും ഇൻഫാം പതാക ഉ
യർത്തുകയും അതത് കാർഷിക വില്ലേജിലെ മികച്ച കർഷകനെ ആദരിക്കുക
യും ചെയ്തു.

### ചിപ്പിലിത്തോട് കാർഷിക വില്ലേജ് നിലവിൽ വന്നു

താമരശ്ശേരി കാർഷിക ജില്ല ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തി
ക്കുന്ന ചിപ്പിലിത്തോട് കാർഷിക വില്ലേജ് ഭരണസമിതി നിലവിൽ വന്നു. ചിപ്പി
ലിത്തോട് ദേവാലയങ്കണത്തിൽ ചേർന്ന് കർഷകരുടെ സംഗമം കാർഷിക വില്ലേജ്
ഡയറക്ടർ ഫാ. തോമസ് ഒ. എഫ്. എം. കപ്പൂച്ചിൻ ഉദ്ഘാടനം ചെയ്തു. യോഗ
ത്തിൽ താമരശ്ശേരി കാർഷിക ജില്ല പ്രസിഡൻറ് ശ്രീ. അഗസ്ത്യൻ പുളിക്ക
കണ്ടത്തിൽ കർഷകർക്കായി ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ ചെയ്തുവരുന്ന
പ്രവർത്തനങ്ങളെക്കുറിച്ചും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം
ചെയ്യേണ്ട ആവശ്യകതയെക്കുറിച്ചും ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ തയ്യാറാ
യി വരുന്ന കാർഷിക സൊസൈറ്റിയുടെ നാനാവിധമായ പ്രവർത്തനങ്ങളെക്കു
റിച്ചും കർഷകരെ ഉദ്ബോധിപ്പിച്ചു യോഗത്തിൽ ബഹുമാനപ്പെട്ട ഫാ. ഡേവിസ്
ഒ. എഫ്. എം. കപ്പൂച്ചിൻ മുഖ്യപ്രഭാഷണം നടത്തി. യോഗത്തിൽ വച്ച് കാർഷി
ക ഗ്രാമം ഭരണസമിതി അംഗങ്ങളായി പ്രസിഡൻറ് ബാബു കല്ലുകുളങ്ങര, സെക്ര
ട്ടറി ജിജോ പുളിക്കൽ, ട്രഷറർ ജോണി മോളെകുന്നിൽ, എക്സിക്യൂട്ടീവ് അംഗ
ങ്ങളായി ജോസ് പുളിന്താനത്ത്, ജോയ് പടപ്പനാനി എന്നിവരെ തിരഞ്ഞെടുത്തു
.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# കെ.സി.വൈ.എം. എസ്.എം.വൈ.എം

## ക്രിസ്മസ് പാപ്പാ കുപ്പായവിതരണം

കെസിവൈഎം എസ്എംവൈഎം താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് പാപ്പായുടെ കുപ്പായം കുറഞ്ഞ വിലയിൽ വിതരണം നടത്തി. കഴുകി വീണ്ടും ഉപയോഗിക്കാൻ സാധിക്കുന്ന തുണി ഉപയോഗിച്ചു നിർമ്മിച്ച കുപ്പായമാണ് വിതരണം ചെയ്തത്.

## മലബാർ യുവജന സംഗമം:

*സ്വാഗതസംഘരൂപീകരണവും ലോഗോ പ്രകാശനവും*

മലബാർ യുവജന സംഗമം 2022 ന്റെ ഔദ്യോഗിക ലോഗോ പ്രകാശനവും സ്വാഗത സംഘരൂപീകരണവും ഡിസംബർ 12 ന് താമരശ്ശേരി ബിഷപ്പ് ഹൗസിൽ വച്ച് താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര നിർവഹിച്ചു. രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷനായിരുന്നു. രൂപത ചാൻസിലർ ഫാ.ബെന്നി മുണ്ടനാട്ട്, ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോൺ, തിരുവമ്പാടി മേഖല ആനിമേറ്റർ സി. റോസീൻ എസ്.എ.ബി.എസ്. സംസ്ഥാന സെനറ്റ് അംഗം അലീന മാത്യു, രൂപത സമിതി അംഗം സിമി ആന്റണി, മേഖല പ്രസിഡന്റുമാരായ അബിൻ പാലാട്ട്, ജോയൽ, വിമൽ മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

മലബാർ യുവജന സംഘവുമായി ബന്ധപ്പെട്ട് താമരശ്ശേരിയിൽ നടത്തപ്പെട്ട സന്ദേശറാലിക്ക് പേര് നിർദ്ദേശിക്കാൻ മത്സരം നടത്തുകയും Santa Soiree എന്ന പേര് നിർദ്ദേശിക്കപ്പെടുകയും ചെയ്തു.

## യുവ ധർമ്മ മെഡിക്കൽ ക്യാമ്പ്

ഡിസംബർ പതിനേഴാം തീയതി താമരശ്ശേരി ഒയാസിസ് സീനിയർ കെയർ ഹോമിൽ വച്ച് സെന്റ് ജോസഫ് ഹോസ്പിറ്റലിനോട് സഹകരിച്ചുള്ള കെസിവൈഎം എസ് എം വൈ എമ്മിന്റെ യുവ ധർമ്മ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. താമരശ്ശേരി മേഖല ആതിഥേയത്വം നൽകിയ പരിപാടിയിൽ 50 ഓളം പേർ ചികിത്സ തേടി.

## മലബാർ യുവജന സംഗമം

കെസിവൈഎം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ മലബാർ യുവജന സംഗമം താമരശ്ശേരിയിൽ വച്ച് ഡിസംബർ 30 ന് നടത്തപ്പെട്ടു. 2018 ന് ശേഷം കോഴിക്കോട്, കണ്ണൂർ, ബത്തേരി, തലശ്ശേരി, മാനന്തവാടി, താമരശ്ശേരി

എന്നീ രൂപതകളിൽ നിന്നായി അയ്യായിരത്തിൽ അധികം യുവജനങ്ങൾ സംബന്ധിച്ച മലബാർ യുവജന സംഗമം താമരശ്ശേരി രൂപതയുടെ ആതിഥേയത്ത്വത്തിലാണ് നടത്തപ്പെട്ടത്. മൂന്ന് ഭാഗമായിട്ടാണ് സംഗമം ക്രമീകരിച്ചത്.

### 1. Young India Our Pride: Project Presentation

രാവിലെ 11 മണിയോട് കൂടെ താമരശ്ശേരി ബിഷപ്പ് ഹൗസിൽ മുഖ്യ അതിഥി ശ്രീ. രാജീവ് ചന്ദ്രശേഖറിന് (Lncumbent Minister of State for Skill Development and Entrepreneurship and Electronics and Information Technology, Govt. of India) സ്വീകരണം നൽകുകയും ഐ ടി മേഖലയുമായി ബന്ധപ്പെട്ട് രൂപതയുടെയും വിവിധ കോളേജുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി 8 പ്രൊജക്റ്റുകൾ കോൺഫറൻസ് ഹാളിൽ നടന്ന ആദ്യ സെഷനിൽ അവതരിപ്പിക്കുകയും ചെയ്തു.

തുടർന്ന് ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്ന രണ്ടാം സെഷനിൽ എ ഒ സി സി പ്രസിഡന്റും അൽഫോൻസ കോളേജ് പ്രിൻസിപ്പലുമായ ശ്രീ. ചാക്കോ കാളംപറമ്പിൽ സ്വാഗതം ആശംസിച്ച് സംസാരിച്ചു. തുടർന്ന് ബഹു. മന്ത്രി ശ്രീ. രാജീവ് ചന്ദ്രശേഖർ നാൽപത് മിനിറ്റോളം ഇന്ത്യയുടെ ഡിജിറ്റൽ വിപ്ലവ സ്വപ്നങ്ങളെ സംബന്ധിച്ച് ക്ലാസ്സ് നയിക്കുകയും വിദ്യാർഥികളുമായി സംവദിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ നിരവധി ചോദ്യങ്ങൾക്ക് മന്ത്രി മറുപടി നൽകി. ഏകദേശം 12 കോളേജുകളിൽ നിന്നുള്ള പ്രതിനിധികളും യുവജനങ്ങളും പങ്കെടുത്ത പരിപാടിയിൽ രൂപത ചാൻസലർ ശ്രീ. ബെന്നി മുണ്ടനാട്ട്, കെ സി വൈ എം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ ഇടയാടിയിൽ, രൂപത പ്രസിഡന്റ് ശ്രീ. അഭിലാഷ് കുടിപ്പാറ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

### 2. പൊതുസമ്മേളനം

ഉത്തര മലബാറിലെ ആറ് രൂപതകളിൽ നിന്നായി 5000ത്തിലധികം യുവജനങ്ങൾ പങ്കെടുത്ത മഹാസംഗമം കേന്ദ്ര വിവരസാങ്കേതിക വകുപ്പ് മന്ത്രി ഡോ. രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്തു. താമരശ്ശേരി അൽഫോൻസാ സ്കൂൾ ഗ്രൗണ്ടിൽ നടത്തപ്പെട്ട പൊതുസമ്മേളനത്തിന് കെ സി വൈ എം സംസ്ഥാന പ്രസിഡണ്ട് ഷിജോ ഇടയാടിൽ അധ്യക്ഷത വഹിച്ചു. ആറ് രൂപത നിന്നും ദേശീയതലത്തിൽ മികവ് തെളിയിച്ച പ്രതിഭകളെ സംഗമവേദിയിൽ താമരശ്ശേരി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ആദരിക്കുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. കോഴിക്കോട് രൂപത അധ്യക്ഷൻ മാർ വർഗീസ് ചക്കാലയ്ക്കൽ, സിനി ആർട്ടിസ്റ്റ് ശ്രീ. സിജോയ് വർഗീസ്, കെസിവൈഎം സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര, കെസിവൈഎം സംസ്ഥാന ജനറൽ സെക്രട്ടറി ബിച്ചു കുര്യൻ, കെസിവൈഎം എസ് എം വൈ എം താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, കെസിവൈഎം എസ്എംവൈഎം താമരശ്ശേരി രൂപത പ്രസി

ഡന്റ് അഭിലാഷ് കുടിപ്പാറ, അജ്നോറ ഗ്രൂപ്പ് എം.ഡി അജു അഗസ്റ്റിൻ, തലശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. ചിഞ്ചു, കെസിവൈഎം സംസ്ഥാന സെക്രട്ടറി ലിനറ്റ് വർഗീസ് എന്നിവർ സംസാരിച്ചു. ആറു രൂപതകളിൽ നിന്നു കലാപരിപാടികളും വേദിയിൽ അരങ്ങേറി. ഐ ടി രംഗത്ത് ചടുലമായ വളർച്ചക്ക് നേതൃത്വം നൽകുന്ന കേന്ദ്രമന്ത്രി ശ്രീ. രാജീവ് ചന്ദ്രശേഖർ, ഈസ്റ്റ് ഹിൽ ഇടവക അംഗവും രൂപതയുടെയും ഇടവക ദേവാലയങ്ങളുടെയും നിർമിതിയിലും നിരവധി ചാരിറ്റി പ്രവർത്തനങ്ങളിലും നിരന്തര സാന്നിദ്ധ്യമായ ക്യാപ്റ്റൻ സെബാസ്റ്റ്യൻ പെരുമ്പള്ളിക്കാടൻ, സിനിമ രംഗത്തും ജീവിതത്തിലും വലിയ ക്രൈസ്തവസാക്ഷ്യം നൽകുന്ന സിനി ആർടിസ്റ്റ് ശ്രീ. സിജോയ് വർഗീസ്, അജ്നോറ ഗ്രൂപ്പ് ഡയറക്ടർ ശ്രീ. അജോ എന്നിവരെ പൊന്നാട അണിയിച്ചും ഫലകം കൈമാറിയും അദരിച്ചു.

### 3. ക്രിസ്മസ് സന്ദേശ റാലി

സമ്മേളനത്തെ തുടർന്ന് താമരശ്ശേരി പട്ടണത്തിലേക്ക് Santa Soiree എന്ന പേരിൽ നടത്തപ്പെട്ട ക്രിസ്തുമസ് സന്ദേശ റാലി നടത്തി. ക്രിസ്തുമസ്സ് സന്ദേശം പകർന്നു നൽകിയ റാലിയിൽ 11 മേഖലകളുടെ നേതൃത്വത്തിലുള്ള ക്രിസ്തുമസ് സന്ദേശ പ്ലോട്ടുകളും 1001 ക്രിസ്തുമസ് പാപ്പാന്മാരുടെ സാന്നിധ്യവും റാലിയെ വർണ്ണാഭമാക്കി. തുടർന്ന് ബിഷപ്പ് ഹൗസ് പരിസരത്ത് റാലി സമാപിച്ചു.

### സ്റ്റാറ്റസ് വീഡിയോ മേക്കിങ്, നറുക്കെടുപ്പ്

യുവദർശൻ ഡിജിറ്റൽ മീഡിയ സെല്ലിന്റെ ആഭിമുഖ്യത്തിൽകെ.സി.വൈ.എം . മലബാർ യുവജന സംഗമത്തിന്റെ സ്റ്റാറ്റസ് വീഡിയോ മേക്കിങ് മത്സരം സംഘടിപ്പിച്ചു.

ജനുവരി 4 ന് മലബാർ യുവജന സംഗമ വേദിയിൽ ടൈറ്റിൽ സ്പോൺസറായിരുന്ന അജ്നോറ ഗ്രൂപ്പ് സംഘടിപ്പിച്ച സമ്മാന കൂപ്പൺ നറുക്കെടുപ്പിന്റെ വിജയികളെ പ്രഖ്യാപിച്ചു.

### കെ.സി.വൈ.എം എസ്.എം.വൈ.എം. രൂപതാ വാർഷിക സെനറ്റ് സമ്മേളനം

കെ.സി.വൈ.എം, എസ്.എം.വൈ.എം. താമരശേരി രൂപത വാർഷിക സെനറ്റ് സമ്മേളനം താമരശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. രൂപത ചാൻസലർ റവ. ഫാ. ബെന്നി മുണ്ടനാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ച ചടങ്ങിൽ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര സംഘടനാ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിച്ച് സംസാരിക്കുകയും കോളേജ് യൂണിയൻ ചെയർമാൻമാരായി തെരഞ്ഞെടുക്കപ്പെട്ട യുവജനങ്ങളെയും രൂപത അനിമേറ്റർ സിസ്റ്റർ ഷാർലറ്റ് സി.എം.സി.സിയെയും ആദരിക്കുകയും ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, രൂപത ആനിമേറ്റർ സിസ്റ്റർ ഷാർലെറ്റ് റോസ് സി.എം.സി, രൂപതാ സെക്രട്ടറി ആഷ്‌ലി തെരേസ മാത്യൂ എന്നിവർ പ്രസംഗിച്ചു.

ജനറൽ സെക്രട്ടറി റിച്ചാൾഡ് ജോൺ കഴിഞ്ഞ ആറുമാസത്തെ രൂപത റിപ്പോർട്ട് അവതരിപ്പിക്കുകയും ഫാ. ജോജോ മണിമല കപ്പൂച്ചിൻ നേതൃത്വ പരിശീലന സെഷൻ നയിക്കുകയും ചെയ്തു. കണക്ക് അവതരണം, സംഘടനാ ചർച്ച, കർമ്മ പദ്ധതി അവതരണം,മേഖലാ റിപ്പോർട്ട് അവതരണം, പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് എന്നിവ നടന്നു. ചടങ്ങിൽ 2021-22 വർഷം കഠിനമായി അധ്വാനിച്ച രൂപത സമിതി അംഗങ്ങളെ ആദരിക്കുകയും മൊമെന്റോകൾ നൽകുകയും ചെയ്തു.

**2023 വർഷത്തെ തെരഞ്ഞെടുപ്പിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ**

പ്രസിഡന്റ് : അഭിലാഷ് കുടിപ്പാറ (മഞ്ഞക്കുന്ന്)
ജനറൽ സെക്രട്ടറി : ജസ്റ്റിൻ സൈമൺ തൂമുള്ളിൽ (വിളക്കാംതോട്)
വൈസ് പ്രസിഡന്റ് : ആഷ്‌ലി തെരേസ മാത്യു കൊല്ലറുകുന്നേൽ (മരിയാപുരം)
വൈസ് പ്രസിഡന്റ് : വിപിൻ രാജു വടക്കേപെരിൽചേരിമണ്ണിൽ (പന്തല്ലൂർ)
സെക്രട്ടറി : അലോണ ജോൺസൺ പൂകമല (കൂരാച്ചുണ്ട്)
സെക്രട്ടറി : മെൽറ്റോ മാത്യു കരക്കൊഴുപ്പിൽ, (പൊയിലോംചാൽ)
ട്രഷറർ : ആൽബിൻ ജോസ് കാക്കനാട്ട് (കോടഞ്ചേരി)
സംസ്ഥാന സിൻഡിക്കേറ്റ് അംഗം : റിച്ചാൾഡ് ജോൺ പന്തപ്ലാക്കൽ (പൂഴിത്തോട്)
സംസ്ഥാന സിൻഡിക്കേറ്റ് അംഗം : അലീന മാത്യു ചെട്ടിപ്പറമ്പിൽ (കട്ടിപ്പാറ)
സംസ്ഥാന സെനറ്റ് അംഗം : അബ്രാഹം ജോസഫ് തടത്തിൽ (കുന്ദമംഗലം)
സംസ്ഥാന സെനറ്റ് അംഗം : അലീന സോജൻ അരീപ്പറമ്പിൽ (വിലങ്ങാട്)
എസ്.എം.വൈ.എം കൗൺസിലർ : വിശാഖ് തോമസ് വാഴേക്കടവത്ത് (ചെമ്പനോട)
എസ്.എം.വൈ.എം കൗൺസിലർ : ഡിയ തോമസ് ആലപ്പാട്ട് (പൊയിലോംചാൽ)

*എക്സിക്യൂട്ടീവ് അംഗങ്ങൾ*

1. ആഗി മരിയ ജോസഫ് കാണക്കാട്ട് (മലപ്പുറം)
2. ജോയൽ ആന്റണി പുതിയകുന്നേൽ (കരികണ്ടൻപാറ)
3. അലന്റ അബ്രാഹം കുംബ്ലാനിക്കൽ (പെരുവണ്ണാമുഴി)
4. ആനന്ദ് സെബാസ്റ്റ്യൻ കുഴുംയാലിൽ (മരഞ്ചാട്ടി)
5. അരുൺ വി. ആന്റണി വട്ടുകുളത്തിൽ (ചിപ്പിലിത്തോട്)
6. ആൻലിയ (കൂരോട്ടുപാറ)
7. ബേണി റോസ് ഇഗ്നേഷ്യസ് കാട്ടുനിലത്തിൽ (ചുണ്ടത്തുംപൊയിൽ)
8. ഡെലോണിയ ജോസഫ് മ്ലാവുകണ്ടത്തിൽ (മഞ്ഞക്കടവ്)
9. മേഘ്ന തെരേസ എം. തോട്ടക്കാട് (പാറോപ്പടി)

10. നിമ്മി. കെ.മാത്യു കുരിശുകുന്നേൽ (വാണിയമ്പലം)
11. സെബി ജോസ് (ചീരട്ടാമല)
12. സോന മനോജ് നെല്ലിക്കപ്പറമ്പിൽ (മങ്കട)
13. എബിൻ തോമസ് നെല്ലരിക്കൽ (കരുവാരക്കുണ്ട്)

**അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു**

2023 വർഷത്തേക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട രൂപതാ സമിതി അംഗങ്ങൾ ജനുവരി 25-ാം തീയതി വൈകിട്ട് അഭിവന്ദ്യ പിതാവിനെ കാണുകയും ആശീർവ്വാദം സ്വീകരിച്ച് പുതിയ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

**ലീഡ് ലീഡർഷിപ് ട്രെയിനിങ് : രൂപത സമിതി**

2023 വർഷത്തെ രൂപത സമിതി അംഗങ്ങൾക്ക് വേണ്ടിയുള്ള ലീഡർഷിപ്പ് ട്രെയിനിങ് ജനുവരി 26 ന് ലക്കിടിയിൽ വെച്ച് നടത്തി. മാനന്തവാടി രൂപതാംഗം ശ്രീ. അനീഷ് നേതൃത്വ പരിശീലന പരിപാടി നയിച്ചു. രൂപതാ സമിതി അംഗങ്ങളായ 25 പേർ പങ്കെടുത്ത പരിപാടിയിൽ കർമ്മ പദ്ധതി രൂപീകരണം, പ്രസംഗ പരിശീലനം, നേതൃത്വ പരിശീലനം, ഔട്ടിംഗ്, ഇന്ററാക്ഷൻ തുടങ്ങി നിരവധി സെക്ഷനുകൾ ഉൾപ്പെടുത്തിയിരുന്നു.

**പ്രതിഷേധങ്ങൾ**

തിരുവനന്തപുരം ലത്തീൻ അതിരൂപത വിഴിഞ്ഞത്ത് നടത്തുന്ന ജനകീയ സമരത്തിനെതിരെയുള്ള സി.പി.എം., ബി.ജെ.പി ഐക്യത്തോടെയുള്ള വിഘടന നീക്കങ്ങൾക്കെതിരെ ശക്തമായി പ്രതിഷേധിച്ചു.

**ആശംസകൾ**

1. നവംബർ രണ്ടിന് കെസിവൈഎം എസ്എംവൈഎം താമരശ്ശേരി രൂപത ആനിമേറ്റർ സി. ഷാർലറ്റ് റോസ് സി.എം.സി യ്ക്ക് ജന്മദിനാശംസകൾ നേർന്നു.

2. ഡിസംബർ 18ന് ഡയറക്ടർ ഫാ.ജോർജ്ജ് വെള്ളയ്ക്കാകുടിയിലിന് ജന്മദിനാശംസകൾ നേർന്നു.

**ഹൃദയപൂർവ്വം നന്ദി**

1. കർമ്മവീഥിയിൽ പരിപൂർണ്ണ ഊർജ്ജത്തോടെ പ്രസ്ഥാനത്തിന് വേണ്ടി അധ്വാനിച്ച് ജോലി സംബന്ധമായി യാത്രയായ വൈസ് പ്രസിഡന്റ് അഖില തോമസിന് യാത്രാ മംഗളങ്ങൾ നേരുകയും നന്ദി അറിയിക്കുകയും ചെയ്തു.

2. 2018 മുതൽ 2022 വർഷക്കാലം രൂപത ആനിമേറ്ററായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ച സി. ഷാർലറ്റ് റോസ് സിഎംസിക്ക് താമരശ്ശേരി രൂപത കെസിവൈഎം-എസ്എംവൈഎം ന്റെ ഹൃദയംഗമമായ കൃതജ്ഞത അറിയിക്കുന്നു.

3. തിരുവമ്പാടി ഫൊറോന ഡയറക്ടർ ആയി കഴിഞ്ഞ ഒരു വർഷത്തിൽ അധികം സേവനം അനുഷ്ഠിച്ച ഫാ. അമൽ പുരയിടത്തിലിനും അനിമേറ്ററായി സേവനം ചെയ്ത സി. റോസീൻ എസ് എ ബി എസിനും നന്ദി അർപ്പിക്കുന്നു. കോടഞ്ചേരി മേഖല അനിമേറ്ററായി കഴിഞ്ഞ നാല് വർഷത്തിൽ അധികമായി സേവനം ചെയ്ത സി. ഹെലൻ എഫ് സി സി ക്കും ഹൃദയംഗമമായ നന്ദി.

**പ്രണാമം**

ഡിസംബർ 31 ന് ദിവംഗതനായ ബെനഡിക്റ്റ് XVI -ാമൻ മാർപ്പാപ്പയുടെ ഓർമകൾക്ക് മുന്നിൽ പ്രണാമം.

**ഹൃദ്യമായ സ്വാഗതം**

1. കെസിവൈഎം-എസ്എംവൈഎം രൂപത അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. അമൽ പുരയിടത്തിന് ഹൃദ്യമായ സ്വാഗതം.

2. കെസിവൈഎം എസ്എംവൈഎം ന്റെ രൂപത ആനിമേറ്ററായി ചുമതല ഏൽക്കുന്ന സിസ്റ്റർ റോസീൻ എസ് എ ബി എസ് ന് ഹൃദ്യമായ സ്വാഗതം.

3. കോടഞ്ചേരി മേഖലയുടെ ആനിമേറ്ററായി ചുമതല ഏറ്റിരിക്കുന്ന സി. അൻസ എസ് എച്ച്, തിരുവമ്പാടി മേഖല ആനിമേറ്ററായി ചുമതല ഏറ്റിരിക്കുന്ന സി. ലിൻസ് മരിയ എസ് ഡി എന്നിവർക്ക് ഹൃദ്യമായ സ്വാഗതം.

2023 വർഷം തെരഞ്ഞെടുക്കപ്പെട്ട മേഖല പ്രസിഡണ്ടുമാരും സെക്രട്ടറിമാരും

*1. തോട്ടുമുക്കം മേഖല*
പ്രസിഡന്റ് : അലൻ ബിജു മലശ്ശേരിൽ (പനംപ്ലാവ്)
സെക്രട്ടറി : മൈക്കിൾ സണ്ണി ഇരുമ്പുകുഴിയിൽ (പീടികപ്പാറ)

*2. കോടഞ്ചേരി മേഖല*
പ്രസിഡന്റ് : ജിതിൻ രാജൻ നെലിയാറ്റുപറമ്പിൽ (കോടഞ്ചേരി)
സെക്രട്ടറി : ഷാരോൺ ഷാജി പേണ്ടാനത്ത് (മഞ്ഞുവയൽ)

*3. മരുതോങ്കര മേഖല*
പ്രസിഡന്റ് : അബിൻ ആൻഡ്രൂസ് വെമ്പാല (കുണ്ടുതോട്)
സെക്രട്ടറി : ലിറ്റോ തോമസ് കുമ്പളാനിക്കൽ

*4. താമരശ്ശേരി മേഖല*
പ്രസിഡന്റ് : മക്സ്‌വെൽ മാത്യു വരകിൽ (നൂറാംതോട്)
സെക്രട്ടറി : അഞ്ചൽ കെ.ജോസഫ് കരിപ്പുകാട്ടിൽ (വള്ളിയാട്)

*5. മലപ്പുറം മേഖല*
പ്രസിഡന്റ് : ജോയൽ. കെ. ഷാജി കാന്നനായക്കൽ (മഞ്ചേരി)
സെക്രട്ടറി : ബിബിൻ ബിജു തുളപ്പള്ളിൽ (കൂമൻകുളം)

*6. പാറോപ്പടി മേഖല*

പ്രസിഡന്റ് : അബിൻ. പി. പാലാട്ട് (ദേവഗിരി)
സെക്രട്ടറി : ബെൻ ജോസഫ് തയ്യിൽ (പാറോപ്പടി)

*7. തിരുവമ്പാടി മേഖല*

പ്രസിഡന്റ് : അജിത്ത് അഗസ്റ്റിൻ ചക്കുന്നുംപുറത്ത് (തേക്കുംകുറ്റി)
സെക്രട്ടറി : ജിന്റോ. വി. തോമസ് വട്ടപറമ്പിൽ (വിളക്കാംതോട്)

*8. കരുവാരക്കുണ്ട് മേഖല*

പ്രസിഡന്റ് : അജിത്ത് ജോസഫ് പുളിയമ്മാക്കൽ (കൽക്കുണ്ട്)
സെക്രട്ടറി : ആൽബിൻ കോങ്ങമല (കരുവാരക്കുണ്ട്)

*9. വിലങ്ങാട് മേഖല*

പ്രസിഡന്റ് : അരുൺ ജോഷി കുന്നത്തേട്ട് (മഞ്ഞക്കുന്ന്)
സെക്രട്ടറി : ഷെറിൽ കണിറാകത്ത് (വിലങ്ങാട്)

*10. കൂരാച്ചുണ്ട് മേഖല*

പ്രസിഡന്റ് : പ്രലിൻ പ്രകാശ് ഓടക്കൽ പറമ്പിൽ (ചക്കിട്ടപാറ)
സെക്രട്ടറി : അജയ് വർഗ്ഗീസ് പറമ്പുകാട്ടിൽ (പെരുവണ്ണാംമുഴി)

11. പെരിന്തൽമണ്ണ മേഖലയിൽ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ഔദ്യോഗിക ഭാരവാഹിത്വങ്ങൾ ഇല്ലാതെ ഇടവകകളിൽ നിന്നും തെരഞ്ഞെടുത്ത മേഖല പ്രതിനിധികളെ ഉൾക്കൊള്ളുന്ന മേഖല സമിതി, ബഹുമാനപ്പെട്ട ഡയറക്ടറിന്റെയും ആനിമേറ്ററിന്റെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്നതായിരിക്കും.

**അറിയിപ്പുകൾ**

1. ഫെബ്രുവരി മാസം 5,6 തീയതികളിൽ മേഖലാ ഭാരവാഹികൾക്ക് വേണ്ടിയുള്ള ലീഡർഷിപ്പ് ട്രെയിനിങ് നടത്തുന്നു.
2. ഫെബ്രുവരി 10, 11 തീയതികളിൽ യൂണിറ്റ് ഭാരവാഹികൾക്ക് വേണ്ടിയിട്ടുള്ള ലീഡർഷിപ്പ് ട്രെയിനിങ് പ്രോഗ്രാം നടത്തുന്നു.
3. ഫെബ്രുവരി 18, 19 തീയതികളിൽ മാർ മങ്കുഴിക്കരി മെമ്മോറിയൽ വോളിബോൾ ടൂർണ്ണമെന്റ് നടത്തുന്നു. മലബാറിലെ ആറ് രൂപതകളിലെ ടീമുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തുന്ന മത്സരത്തിന്റെ വിശദമായ വിവരങ്ങൾ അറിയിക്കുന്നതാണ്.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ജനുവരി 7-ാം തീയതി രൂപതാ സെൻട്രൽ കൗൺസിൽ, ദേവഗിരി ഓസാനാം ഭവനിൽ ചേരുകയുണ്ടായി. ഫൊറോന തലത്തിൽ സ്ഥാപിതമായിരിക്കുന്ന ഏരിയാ കൗൺസിൽ പ്രസിഡന്റുമാരും, സി.സി യുടെ ബോർഡ് അംഗങ്ങളും പങ്കെടുത്തിരുന്നു.

ഇടവകതലത്തിൽ പ്രവർത്തിക്കുന്ന കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. കുളത്തുവയൽ ഏരിയാ കൗൺസിലിൽ ഉള്ള എല്ലാ കോൺഫ്രൻസ് പ്രസിഡന്റുമാർക്കും ഭാരവാഹികൾക്കും വേണ്ടി, സൊസൈറ്റിയുടെ വാർഷിക കണക്കുകൾ എപ്രകാരമാണ് എഴുതി തയ്യാറാക്കി മേൽഘടകത്തിലേക്ക് നൽകേണ്ടതെന്ന് വിശദീകരിച്ച് കൊടുക്കുകയുണ്ടായി.

സെൻട്രൽ കൗൺസിലിലുള്ള വനിതകൾക്ക് വേണ്ടി മാത്രം ഒരു വനിതാ സെമിനാർ ഫെബ്രുവരിയിൽ നടത്തുവാൻ തീരുമാനിച്ചു. തിരുവമ്പാടിയിൽ വച്ച് നടത്തുവാനും ക്ലാസ്സ് എടുക്കാൻ പുറമെനിന്ന് സിസ്റ്റേഴ്സിനെ വിളിക്കാനും തീരുമാനിച്ചു.

പാവപ്പെട്ടവരുടെ ഭവനങ്ങൾ സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ ചെയ്യുവാനും, പ്രത്യേകിച്ച് മരുന്ന്, ഭക്ഷണം എന്നിവയ്ക്ക് മുൻതൂക്കം നൽകുവനും തീരുമാനിച്ചു. ഭൂമി സ്വന്തമായിട്ടുള്ള എല്ലാവർക്കും ഭവനം പണിതു കൊടുക്കണമെന്നും തീരുമാനിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

2023 ജനുവരി മാസം ദൈവാനുഗ്രഹങ്ങളോടെ ബഥാനിയായിൽ ശുശ്രൂഷകൾ ആരംഭിച്ചു.

## ധ്യാനങ്ങൾ

ജനുവരി മാസം 13-ാം തീയതി മുതൽ 16-ാം തീയതി വരെ ജീവിത വിശുദ്ധീകരണ ധ്യാനം നടത്തപ്പെട്ടു. അനേകർ കുടുംബാംഗങ്ങളോടൊത്ത് ധ്യാനത്തിൽ പങ്കെടുത്തു.

## ഏകദിന കൺവെൻഷൻ

ജനുവരിയിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. 6-ാം തീയതി ആദ്യവെള്ളിയാഴ്ച വിശുദ്ധ കുർബാനയിലും ദിവ്യകാരുണ്യ ആരാധനയിലും പ്രദക്ഷിണത്തിലും അനേകായിരങ്ങൾ പങ്കെടുത്തു.

വെള്ളിയാഴ്ചകളിൽ രാവിലെ 9 മണിക്ക് വി. മിഖായേൽ മാലാഖയോടുള്ള നൊവേനയോടെ ആരംഭിച്ച ശുശ്രൂഷകൾ ഉച്ചയ്ക്ക് 2 മണിയോടെ സമാപിച്ചു. കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ ആരാധന, ഡെലിവറൻസ് ശുശ്രൂഷ, സൗഖ്യശുശ്രൂഷ, ഗാനശുശ്രൂഷ, വി. കുർബാന, വചനസന്ദേശം, സ്പിരിചൽ ഷെയറിംഗ്, വി. കുമ്പസാരം എന്നീ ആത്മീയ ശുശ്രൂഷകളിൽ ദൈവജനം സജീവമായി പങ്കുചേർന്നു.

## വി. കുർബാനയും വി. കുമ്പസാരവും

ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വി. കുർബാന അർപ്പിക്കപ്പെടുന്നു. എല്ലാ ദിവസവും പകൽ സമയത്ത് ബഥാനിയായിൽ വി. കുമ്പസാരത്തിന് അവസരമുണ്ട്.

## സ്പിരിചൽ ഷെയറിംഗ്

എല്ലാ വെള്ളിയാഴ്ചകളിലും സ്പിരിചൽ ഷെയറിംങ്ങിന് ബഥാനിയായിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ

ജനുവരി 21-ാം തീയതി മൂന്നാം ശനിയാഴ്ച ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ നടന്നു.

### 2023 ഫെബ്രുവരി പ്രോഗ്രാം

| | | |
|---|---|---|
| 3 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 10 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം (10-13) |
| 17 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 18 ശനി | - | ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ |
| 20 തിങ്കൾ | - | വലിയ നോമ്പാരംഭം |
| 24 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിതവിശുദ്ധീകരണ ധ്യാനം (24-27) |

### ഇടവക ധ്യാനങ്ങൾ

15-18 - സെന്റ് ജോസഫ്സ് ചർച്ച്, ചാപ്പൻതോട്ടം

19-22 - ലൂർദ്ദ് മാതാ ചർച്ച്, കാവുംമന്ദം (മാനന്തവാടി രൂപത)

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

## വികസനവേദി

### മനുഷ്യാവകാശ ദിനം

പരിയാപുരം ഫാത്തിമമാതാ പാരിഷ് ഹാളിൽ വച്ച് മനുഷ്യാവകാശദിനം ആചരിച്ചു. Adv. ജിജി ജോസഫ് നിയമോപദേശ ക്ലാസ്സ് നടത്തി. പരിപാടിയുടെ ഉദ്ഘാടന കർമ്മം സി. ജോബിന നിർവഹിച്ചു. GVS സെക്രട്ടറി സ്വാഗതം പറഞ്ഞു. ഷൈനി ഇയ്യാലിൽ നന്ദി പറഞ്ഞു. COD ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ നേതൃത്വം കൊടുത്തു.

### പച്ചമരുന്ന് നിർമ്മാണം

പരിയാപുരം, ചീരട്ടാമല എന്നീ ഗ്രാമവികസന സമിതികളുടെ നേതൃത്വത്തിൽ പച്ചമരുന്ന് നിർമ്മാണ പരിശീലനം നടത്തി. പ്രാദേശികമായി ലഭിക്കുന്ന പച്ചമരുന്നുകളുടെ പേരും, അവയുടെ ഔഷധ ഗുണങ്ങളും ചർച്ച ചെയ്തു. ഉരഗുളിക, മുറിവെണ്ണ എന്നീ മരുന്നുകൾ നിർമ്മിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ നേതൃത്വം കൊടുത്തു.

**നിർമ്മാണ പരിശീലനം**

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണ പരിശീലനം നടത്തി. പ്രാദേശികമായി ലഭിക്കുന്ന പൈനാപ്പിൾ, പപ്പായ, മാങ്ങാ, പേരക്ക എന്നീ പഴ വർഗ്ഗങ്ങൾ ഉപയോഗിച്ച് ജാം, സ്കാഷ്, ജെല്ലി എന്നിവ നിർമ്മിക്കുന്നതിനെക്കുറിച്ചു ക്ലാസ്സും, നിർമ്മാണ പരിശീലനവും നടത്തി. COD ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി നേതൃത്വം നല്കി.

കട്ടിപ്പാറ, പുതുപ്പാടി ഗ്രാമ വികസന സമിതികളുടെ നേതൃത്വത്തിൽ സോപ്പ് പൊടി നിർമ്മാണ പരിശീലനം നടത്തി. സോപ്പ് പൊടിയിൽ ചേർക്കേണ്ട രാസപദാർത്ഥങ്ങളെക്കുറിച്ചും അതിന്റെ അളവിനെക്കുറിച്ചും ക്ലാസ്സെടുത്തു. പരിശീലനത്തിന് COD ഏരിയ കോ-ഓർഡിനേറ്റർ ത്രേസിയാമ്മ തോമസ് നേതൃത്വം നല്കി.

**ദിനാചരണം**

കൂരാച്ചുണ്ട് ഗ്രാമ വികസന സമിതിയിലെ അംഗങ്ങൾ ലോക വികലാംഗ ദിനത്തോടനുബന്ധിച്ചു കൂരാച്ചുണ്ട് വട്ടച്ചിറ ഭാഗത്തു നടത്തി വരുന്ന സ്പെഷ്യൽ സ്കൂൾ വിസിറ്റ് ചെയ്തു. കൂരാച്ചുണ്ട് CHC യിലെ Dr. ബഷീർ, JHI സ്വപ്ന എല്ലാ കുട്ടികളുടെയും Blood പ്രഷർ, ഷുഗർ എന്നിവ പരിശോധിച്ചു വിവരങ്ങൾ സ്കൂൾ അധികാരികളെ അറിയിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ നടത്തി. എല്ലാവർക്കും സമ്മാനങ്ങൾ നല്കുകയും ചെയ്തു.

**ക്രിസ്തുമസ്സ് ആഘോഷം**

സി.ഒ.ഡി. യുടെ കീഴിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാഫ് അംഗങ്ങളെ ഒരുമിച്ചു ചേർത്ത് COD ഓഫീസിൽ വച്ച് ക്രിസ്തുമസ്സ് ആഘോഷം നടത്തി. COD ഡയറക്ടർ ഫാ. ജോർജ്ജ് ചെമ്പരത്തി ക്രിസ്തുമസ്സ് സന്ദേശം നല്കി. പരിപാടിയിൽ COD അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജേക്കബ് പുത്തൻപുരക്കൽ, ഫാ. ജോസഫ് കളപ്പുരക്കൽ, KLM/LDS ഡയറക്ടർ ഫാ. ജേക്കബ് കാരക്കുന്നേൽ, COD പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. എല്ലാവർക്കും ക്രിസ്തുമസ്സ് കേക്ക് വിതരണം ചെയ്തു. COD ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി നന്ദി പറഞ്ഞു.

**ജെ.എൽ.ജി. വായ്പ പുതുക്കൽ**

കാർഷിക വികസന പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ വിള കൃഷിക്കായി കാനറാ ബാങ്ക് മുഖേന സി.ഒ.ഡി. യുടെ നേതൃത്വത്തിൽ 516 കർഷകർക്കായി വിതരണം ചെയ്ത 3 കോടി എൺപത്തിയേഴുലക്ഷം (387 ലക്ഷം) രൂപയുടെ വായ്പ പുതുക്കി. വിലങ്ങാട്, കണ്ണോത്ത്, കുണ്ടുതോട്, പശുക്കടവ്, പുല്ലൂരാംപാറ എന്നീ സ്ഥലങ്ങളിൽ വച്ച് ബാങ്ക് അധികൃതരുടെ നേതൃത്വത്തിൽ ക്യാമ്പ് നടത്തി.

സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ്ജ് ചെമ്പരത്തി, ജോയ് കെ.സി, COD ഏരിയ കോ-ഓർഡിനേറ്റർമാർ എന്നിവർ നേതൃത്വം നല്കി.

### സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനം

തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ നിന്നും 4 ബി എസ് ഡബ്ല്യൂ കുട്ടികൾ കോഴ്സിന്റെ ഭാഗമായി ഒരു മാസത്തെ പരിശീലനം നേടി. പരിശീലനത്തിന്റെ ഭാഗമായി ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട വർക്കുകൾ ജല ജീവൻ ടീം ലീഡേഴ്സുമായി സഹകരിച്ച് ഓഫീസിലും ഫീൽഡിലുമായി പരിശീലനം നേടി. ഗ്രാമ വികസന സമിതികൾ, എംസിസി, സ്വാശ്രയ സംഘങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ചു. COD ഏരിയ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തുകയും, വിവിധ വിഷയങ്ങളെക്കുറിച്ചു ക്ലാസ്സുകൾ നല്കുകയും ചെയ്തു.

### ആശാകിരണം

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി COD താമരശ്ശേരിയും, മലബാർ കാൻസർ സെന്റർ (MCC) തലശ്ശേരിയും, പുല്ലാഞ്ഞിമേടുള്ള യേശുഭവൻ MSJ സിസ്റ്റേഴ്സിന്റെ സഹായത്തോടെ ഡിസംബർ 15 ന് പുല്ലാഞ്ഞിമേട് യേശുഭവനിൽ നടത്തപ്പെട്ടു. ക്യാമ്പിൽ 19 പേർ പങ്കെടുത്തു. അടുത്ത ക്യാമ്പ് 2023 ജനുവരി19 ന് നടത്തപ്പെടും.

### കാവൽ പദ്ധതി

കാവൽ പദ്ധതിയുടെ ഭാഗമായി CCL കുട്ടികൾക്കായി ലോക കപ്പുഫുഡ്ബോൾ പ്രവചന മത്സരം സംഘടിപ്പിച്ചു. ശരിയുത്തരം നൽകിയവരിൽ നിന്നും ഒരു വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു സമ്മാനം നല്കി. കോർഡിനേറ്റർ അമൽ പങ്കജാക്ഷൻ, കേസ് വർക്കർ ടീന വിൽസൺ എന്നിവർ നേതൃത്വം നല്കി.

### ജലജീവൻ പദ്ധതി

കേന്ദ്ര-കേരള സർക്കാരുകളുടെയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ മുഴുവൻ ആവശ്യക്കാർക്കും ശുദ്ധജലംപൈപ്പ് ലൈൻ വഴി വീട്ടുപടിക്കൽ എത്തിക്കുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് ജൽജീവൻ മിഷൻ. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി, കൂടരഞ്ഞി, ഓമശ്ശേരി, കിഴക്കോത്തു എന്നിവിടങ്ങളിൽ പഞ്ചായത്ത് തല ജല സംഭരണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജൽജീവൻ ടീം ലീഡേഴ്സിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

### ജല ഗുണനിലവാര പരിശോധന ക്യാമ്പ്

19/12/2022 തിങ്കൾ ഉച്ചക്ക് 3 മണിക്ക് കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൂവാറൻതോട് ജി.എൽ.പി. സ്കൂളിൽ വച്ച് മൂന്നാം വാർഡിനായി ജലഗുണനിലവാര പരിശോധന പരിശീലനം സംഘടി

പ്പിച്ചു. അധ്യാപകൻ ശ്രീ. മുഹമ്മദ് സാലി സ്വാഗതം ആശംസിക്കുകയും പ്രധാനാധ്യാപിക ശ്രീമതി സുബൈദ അധ്യക്ഷ സ്ഥാനം അലങ്കരിച്ചു സംസാരിക്കുകയും വാർഡ് മെമ്പർ ശ്രീമതി എൽസമ്മ ജോർജ്ജ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ടീം ലീഡർ ക്രിസ്റ്റീന കുര്യാക്കോസ് ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് എങ്ങനെ വെള്ളം പരിശോധിക്കണമെന്നുള്ള ക്ലാസ്സ് നൽകി. അധ്യാപകരും വിദ്യാർത്ഥികളുടെ രക്ഷിതാക്കളും പ്രദേശവാസികളും പങ്കെടുത്ത പരിപാടി അധ്യാപിക ശ്രീമതി രതില കെ. കെ. യുടെ നന്ദിയോടെ അവസാനിച്ചു.

### പഞ്ചായത്ത് തല ശില്പശാല

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി പഞ്ചായത്ത്തല ശില്പശാല സംഘടിപ്പിച്ചു. താമരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജെ.ടി അബ്ദുറഹ്മാൻ മാസ്റ്റർ പരിപാടി ഉദ്ഘാടനം ചെയ്തു. താമരശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. സൗദാ ബീവി അദ്ധ്യക്ഷത വഹിച്ചു. വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. എം.ടി. അയൂബ്ഖാൻ സ്വാഗത പ്രസംഗം നടത്തി. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. മഞ്ജിത, വാർഡ് മെമ്പർമാരായ അഡ്വ. ജോസഫ് മാത്യു, ശ്രീ. മുസ്തഫ. എ.പി, ആസൂത്രണ സമിതി മെമ്പർമാരായ ശ്രീ. പി.എസ്. മുഹമ്മദലി, ശ്രീ. ഹാഫിസ്സുറഹ്മാൻ, സിഡി എസ് ചെയർപേഴ്സൺ ശ്രീമതി. ജിൽഷ എന്നിവർ ആശംസ അറിയിച്ച പരിപാടിയിൽ ജൽജീവൻ മിഷൻ ടീം ലീഡർ ആഷിഖ തസ്നീം പദ്ധതി വിശദീകരണം നടത്തി. വാർഡ് മെമ്പർമാരായ ശ്രീമതി ഫസീല ഹബീബ്, ശ്രീമതി ഷംസിത ഷാഫി, ശ്രീ. അനിൽ കുമാർ, ശ്രീമതി ആയിഷ മുഹമ്മദ്, ശ്രീമതി ഖദീജ സത്താർ, ശ്രീമതി വല്ലി വി.എം, ശ്രീമതി ബുഷറ അഷ്റഫ്, ശ്രീമതി ആർഷ ബി.എം, ശ്രീമതി റംല ഖാദർ, താമരശ്ശേരി പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട്. ശ്രീ. അശോകൻ, എന്നിവരും സി.ഡി.എസ് അംഗങ്ങളും എ.ഡി. എസ് അംഗങ്ങളും പങ്കെടുത്തു.

### സ്റ്റേക് ഹോൾഡേഴ്സ് മീറ്റിംഗ്

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഡിസംബർ 15,16 തിയ്യതികളിൽ രാരോത്ത് up സ്കൂൾ, പരപ്പൻപൊയിൽ പൂക്കോട് മദ്രസ, തെക്കുംതോട്ടം LP സ്കൂൾ എന്നിവിടങ്ങളിൽ വച്ച് സ്റ്റേക് ഹോൾഡേഴ്സ് മീറ്റിംഗ് നടത്തപ്പെട്ടു. താമരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അബ്ദു റഹ്മാൻ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. എ. അരവിന്ദൻ, വൈസ് പ്രസിഡന്റ് ശ്രീമതി സൗദ ബീവി എന്നിവർ സംസാരിച്ചു. ടീം ലീഡർ ആഷിഖ തസ്നീം പദ്ധതി വിശദീകരണം നടത്തി.

ജനുവരി 4 ന് താമരശ്ശേരി പഞ്ചായത്ത് ഹാളിൽ വെച്ച് ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി PRA നടത്തി. ടീം ലീഡർ ആഷിഖ സ്വാഗതം പറഞ്ഞു. COD സ്റ്റാഫ് അംഗം ശ്രീ. ജോയ് കെ. സി. PRA ആക്ടിവിറ്റിയെ കുറിച്ച് വിശദീക

രിച്ചു. പഞ്ചായത്തിലെ എല്ലാ മെമ്പർമാരും COD യിലെ മറ്റു സ്റ്റാഫ് അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.


## ജലശ്രീക്ലബ് രൂപീകരണം

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജനുവരി 9 ന് GUP സ്കൂൾ താമരശ്ശേരി, MMALPS കെടവൂർ എന്നീ സ്കൂളുകളിൽ ജലശ്രീ ക്ലബ് രൂപീകരിച്ചു. ടീം ലീഡർ ആഷിഖ കുട്ടികൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ വിശദീകരിച്ചു. ജനുവരി 10 ന് GMUP സ്കൂൾ പള്ളിപ്പുറം, ജനുവരി 11 ന് GLPS ചെമ്പ്ര, ജനുവരി 16ന് AMUPS അണ്ടോണ എന്നിവിടങ്ങളിൽ ജലശ്രീ ക്ലബ് രൂപീകരിച്ചു. പ്രൊജക്റ്റ് കോർഡിനേറ്റർ ആൽബിൻ ടോമി, ടീം ലീഡർ ആഷിഖ തസ്നീം എന്നിവർ കുട്ടികൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ വിശദീകരിച്ചു.

## മദർ തെരേസ IELTS & OET പരിശീലന കേന്ദ്രം

പുതുപ്പാടി മദർ തെരേസ IELTS & OET പരിശീലന കേന്ദ്രത്തിൽ ക്രിസ്തുമസ് ആഘോഷിച്ചു. ഡിസംബർ 22 ന് നടന്ന ചടങ്ങിൽ ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷെറിൻ, ഫാ. ജിജോ എന്നിവർ പങ്കെടുത്തു. പ്രിൻസിപ്പൽ എം. കെ. മത്തായി സ്വാഗതം ആശംസിച്ചു. ചടങ്ങിന് ഫാ. ജോർജ് ചെമ്പരത്തി അധ്യക്ഷനായിരുന്നു. ശേഷം വിദ്യാർത്ഥികളുടെ കരോൾ ഗാന മത്സരം നടത്തി. വിദ്യാർത്ഥികളുടെ മറ്റു കലാപരിപാടികളും ചടങ്ങിന് മിഴിവേകി. എല്ലാവരും ക്രിസ്തുമസ് മധുരം പങ്കുവെച്ചു പിരിഞ്ഞു.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി



# യേശുനിധി

21.12.2022 മുതൽ 20.01.2023 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Cheerattamala | 20,000.00 |
| 2 | Kalikavu | 10,000.00 |
| 3 | Kallanode | 10,000.00 |
| 4 | Koorachundu | 20,000.00 |
| 5 | Kunnamangalam | 10,000.00 |
| 6 | Manjakunnu | 10,000.00 |
| 7 | Pulloorampara | 20,000.00 |
| 8 | Valillapuzha | 15,000.00 |
| 9 | Venappara | 10,000.00 |

**Home**

| | | |
|---|---|---|
| 10 | Anackampoil | 10,000.00 |
| 11 | Chempanoda | 20,000.00 |
| 12 | Karikandanpara | 20,000.00 |
| 13 | Thamarassery | 30,000.00 |
| 14 | Thekkumkutty | 10,000.00 |
| 15 | Valook | 20,000.00 |
| 16 | Venappara | 20,000.00 |
| 17 | Vilangad | 10,000.00 |
| 18 | Vilangad | 15,000.00 |

**Medical**

| | | |
|---|---|---|
| 19 | Valook | 15,000.00 |
| 20 | Kannoth | 15,000.00 |
| 21 | Karimbu | 10,000.00 |
| 22 | Kodanchery | 15,000.00 |
| 23 | Kodanchery | 10,000.00 |
| 24 | Kodanchery | 15,000.00 |
| 25 | Mailellampara | 7,000.00 |
| 26 | Mailellampara | 10,000.00 |
| 27 | Mariapuram | 10,000.00 |
| 28 | Mariapuram | 10,000.00 |
| 29 | Muthappanpuzha | 7,000.00 |
| 30 | Passukadave | 15,000.00 |
| 31 | Poilomchal | 15,000.00 |
| 32 | Pulloorampara | 15,000.00 |
| 33 | Thamarassery | 8,000.00 |
| 34 | Thazhekode | 10,000.00 |
| 35 | Thekkumkutty | 15,000.00 |
| 36 | Vilangad | 10,000.00 |

**Marriage**

| | | |
|---|---|---|
| 37 | Kallanode | 15,000.00 |
| 38 | Pathippara | 20,000.00 |
| 39 | Poothampara | 20,000.00 |
| 40 | Poozhithode | 20,000.00 |
| 41 | Thottumukkam | 15,000.00 |
| 42 | Valiyakolly | 20,000.00 |

**Miscellaneous**

| | | |
|---|---|---|
| 43 | Chippilithode | 25,000.00 |
| | **Total** | **6,27,000.00** |

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ജനുവരി 2023

1 രാവിലെ വേനപ്പാറ ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും പുതുതായി സ്ഥാപിച്ച തിരുക്കുടുംബത്തിന്റെ രൂപം വെഞ്ചരിക്കുകയും ചെയ്തു.

കട്ടിപ്പാറ ഇടവകയിൽ മക്കിയാട് ബനഡിക്‌ടൈൻ സമൂഹാംഗമായ മ്ശംശാന മാത്യു (നിഖിൽ) വയ്പ്പുക്കാട്ടിൽ, റെഗേഷനിസ്റ്റ് സമൂഹാംഗമായ മ്ശംശാന മാത്യു (അഖിൽ) വയ്പ്പുക്കാട്ടിൽ, എം.സി.ബി.എസ് സമൂഹാംഗമായ മ്ശംശാന ജിബിൻ പുത്തൻപുരയ്ക്കൽ എന്നിവർക്ക് പൗരോഹിത്യ പട്ടം നൽകി.

കക്കയം ഇടവകയിൽ കല്ലാനോട് യുപി സ്കൂളിന്റെ നേതൃത്വത്തിൽ പണിതു നൽകിയ വീട് വെഞ്ചരിച്ചു.

കൂടത്തായി തിരുക്കുടുംബ ഇടവക ലൂർദ്ദ് മാതാ ഇടവകയായതിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുകയും തുടർന്ന് നടന്ന പൊതുയോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

2 രാവിലെ പുതുപ്പാടി ഇടവകയിൽ ഫിലിപ്പ്നേരി സന്യാസിനി സമൂഹത്തിലെ ഏതാനും സന്യാസിനികളുടെ നിത്യവ്രതവാഗ്ദാന ചടങ്ങുകൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.

വിശുദ്ധ ചാവറപിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ദേവഗിരി ഇടവകയിൽ ദിവ്യബലിയർപ്പിച്ചു.

3 പേരാമ്പ്ര ഇടവകയിൽ കപ്പൂച്ചിൻ സന്യാസ സമൂഹത്തിലെ മ്ശംശാന ദേവസ്യ കോനൂരിന് പട്ടം നൽകി.

കുണ്ടുതോട് ഇടവകയിൽ വിൻസെന്റ് ഡി പോളിന്റെ സഹകരണത്തോടെ ഇടവക നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.

4 കൂടരഞ്ഞി ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

5 തിരുവമ്പാടി ഇടവകയിൽ ബനഡിക്ട്ൻ സന്യാസ സമൂഹത്തിലെ മ്ശംശാന തോമസ് പുതുപ്പള്ളിലിന് പട്ടം നൽകി.

തെയ്യപ്പാറ ഇടവകയിൽ പുതുതായി നിർമ്മിച്ച യുപി സ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

ചാത്തൻകോട്ട്നട ഇടവകയിൽ ഒരു സന്യാസിനിയുടെ രജതജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

കോരങ്ങാട് നന്മ ക്ലബ്ബിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഡയാലിസിസ് സെന്ററിന്റെ തറക്കല്ലിടൽ ചടങ്ങിൽ പങ്കെടുത്തു.

പരപ്പംപൊയിൽ കലാ സ്പോർട്സ് ആന്റ് ആർട്സിന്റെ നേതൃത്വത്തിൽ നടന്ന ഫുട്ബോൾ ടൂർമെന്റിന്റെ ഫൈനൽ മത്സരം ഉദ്ഘാടനം ചെയ്തു.

രൂപത ഭവനിൽ നവവൈദികർക്ക് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

6 കോതമംഗലം എംഎസ്ജെ പ്രൊവിൻഷ്യൽ ഹൗസിൽ പരേതയായ ഡോ. സി. പട്രീഷക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

6–14 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സിനഡിൽ സംബന്ധിച്ചു.

15 രാവിലെ, കത്തീഡ്രൽ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, അങ്ങാടിപ്പുറം പുത്തനങ്ങാടിയിൽ സെന്റ് മേരീസ് കോളേജ് സ്ഥാപനത്തിന്റെ രജത ജൂബിലി സമാപന ആഘോഷ പരിപാടികൾക്ക് അധ്യക്ഷ്യം വഹിച്ചു.

16 രാവിലെ, വടപുറം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, പനംപ്ലാവ് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി പണിതീർത്ത കുരിശടി വെഞ്ചരിക്കുകയും ചെയ്തു.

17 ഉച്ചകഴിഞ്ഞ്, ചെമ്പുകടവ് ഇടവകയിൽ ബഹു. കുര്യൻ താന്നിക്കലച്ചന്റെ പിതാവ് പരേതനായ ആഗസ്തിയുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

18 രാവിലെ, തോട്ടുമുക്കം ഇടവകയിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

18–19 കോഴിക്കോട് നവജ്യോതിസ് പാസ്റ്ററൽ സെന്ററിൽ നോർത്ത് മലബാർ ബിഷപ്പ്സ് മീറ്റിംഗിൽ പങ്കെടുത്തു.

19 ഉച്ചകഴിഞ്ഞ്, രൂപത കേന്ദ്രത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രികൾച്ചറൽ എത്തിക്സ് സംരംഭത്തിന്റെ എക്സിക്യുട്ടീവ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു.

രൂപത ഭവനിൽ സ്റ്റാർട്ട് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

ക്ലരീഷ്യൻ പ്രൊവിൻഷ്യൽ വെരി. റവ. ഫാ. സിബി ഞാവള്ളിക്കുന്നേലിനെ രൂപത ഭവനിൽ സ്വീകരിച്ചു.

21 രാവിലെ പശുക്കടവ് ഇടവകയിൽ താമരശ്ശേരി രൂപതാംഗം മ്ശംശാന ജോസഫ് കൊട്ടാരത്തിലിന് പൗരോഹിത്യപട്ടം നൽകി.

ചക്കിട്ടപാറ ഇടവക ബിജ്നോർ രൂപതാംഗം റവ. ഫാ. മെൽവിൻ പള്ളിത്താ

ഴത്തിന്റെ ആകസ്മികമായ നിര്യാണത്തിൽ ദുഃഖാർത്തരായ കുടുംബാംഗ ങ്ങളെ ആശ്വസിപ്പിക്കുന്നതിനും അനുശോചനം അറിയിക്കുന്നതിനുമായി ഭവന സന്ദർശനം നടത്തി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് ചിപ്പിലിത്തോട് ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാ ലയം കൂദാശ ചെയ്തു.

22 വെറ്റിലപ്പാറ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, വി. വിൻസെന്റ് പള്ളോട്ടിയുടെ തിരുനാളിനോടനുബന്ധിച്ച് മുക്കം പള്ളോട്ടിൻ സ്കൂളിൽ നടന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

23 രാവിലെ, പുല്ലൂരാംപാറ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശ നൽകി. തുടർന്ന്, പരേതയായ കല്ലംമാക്കൽ ഏലിയാമ്മയ്ക്കു വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

മുക്കം ഇടവകയിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

23-25 പിഎംഒസിയിൽ വച്ച് നടന്ന ജൂനിയർ ക്ലർജി മീറ്റിംങ്ങ് ഉദ്ഘാടനം ചെയ്ത് അതിൽ സംബന്ധിച്ചു.

24 വി. ഫ്രാൻസിസ് സെയിൽസിന്റെ തിരുനാളിനോടനുബന്ധിച്ച് വിനയഭവൻ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

പാറോപ്പടി ഇടവകയിൽ നിര്യാതനായ റോയി താഴത്തിലിന്റെ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, കുന്ദമംഗലം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യ ബലി അർപ്പിച്ചു.

25 പിഎംഒസി യിൽ രാവിലെ ജൂനിയർ ക്ലർജി മീറ്റിംങ്ങിൽ സംബന്ധിക്കുന്ന വൈദികരോടൊപ്പം ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, അൽഫോൻസ സ്കൂളിൽ നടന്ന വാർഷിക സമ്മേളനം ഉദ്ഘാ ടനം ചെയ്തു.

26 രാവിലെ, പിഎംഒസി യിൽ പോപ്പ് ബെനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യ ത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

പാറോപ്പടി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, കണ്ണോത്ത് ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, വെഴ്പ്പൂർ എംഎസ്ടി മൈനർ സെമിനാരിയുടെ ഹോം ഡേ പ്രോഗ്രാമിൽ പങ്കെടുത്ത് സന്ദേശം നൽകി.

27 ചെമ്പനോട ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർ ബാന അർപ്പി ക്കുകയും പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ച രിക്കുകയും ചെയ്തു.

28 രാവിലെ, മണ്ണാർക്കാട് ചികിത്സയിലായിരിക്കുന്ന ബഹു. ജെയിംസ് ചേരിക്ക ലച്ചന്റെ അമ്മയെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

രൂപതാ ഭവനിൽ താമരശ്ശേരി രൂപതയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന സന്യാസ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

29 രാവിലെ, കല്ലാനോട് ഇടവക സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി സമാപന ത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, ഫാ. ജോർജ് വട്ടുകുളം മെമ്മോറിയൽ ഫുട്ബോൾ ടൂർണ മെന്റ് ഉദ്ഘാടനം ചെയ്യുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

30–31 കുന്നോത്ത് സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾക്കായി ക്ലാസ്സ് എടു ത്തു.



# "MONTHLY INTENTIONS"

2023 January to June



**January - For educators**

We pray that educators may be credible witnesses, teaching fraternity rather than competition and helping the youngest and most vulnerable above all.

**February - For parishes**

We pray that parishes, placing communion at the center, may increasingly become communities of faith, fraternity and welcome towards those most in need.

**March - For victims of abuse**

We pray for those who have suffered harm from members of the Church; may they find within the Church herself a concrete response to their pain and suffering.

**April - For a culture of peace and non-violence**

We pray for the spread of peace and non-violence, by decreasing the use of weapons by States and citizens.

**May - For church movements and groups**


We pray that Church movements and groups may rediscover their mission of evangelization each day, placing their own charisms at the service of needs in the world.

**June - For the abolition of torture**

We pray that the international community may commit in a concrete way to ensuring the abolition of torture and guarantee support to victims and their families.


# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 31-01-2023 |



2022 ഡിസംബർ 15ന് അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് കൂദാശ ചെയ്ത, നവീകരിച്ച മഞ്ഞുവയൽ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ദൈവാലയം
വികാരി: റവ. ഫാ. ജോർജ് കറുകമാലിൽ





2023 ജനുവരി 15ന്
അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ്
കൂദാശ ചെയ്ത ചിപ്പിലിത്തോട്
സെന്റ് മേരീസ് ദൈവാലയം

വികാരി: റവ. ഫാ. തോമസ് ജോസഫ് കൊച്ചുമണ്ണാറത്ത് OFM

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 2, February 2023, Pages 72.